

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 10 Issue -7 September 2021

## പ്രാർത്ഥിക്കുന്നവരെ ആവശ്യമുണ്ട്...

പേജ് 9

വില 20 രൂപ

Editorial

# മടങ്ങിവരവ് ഒരു മരീചികയോ

കർത്താവായ യേശുക്രിസ്തുവിന്റെ മടങ്ങി വരവിനെക്കുറിച്ച് ആത്മീക പ്രഭാഷകർ വാചാലരാകുന്നത് ഇസ്രായേലുമായി ബന്ധപ്പെട്ട യുദ്ധങ്ങളോ ആകസ്മിക സംഭവങ്ങളോ ഉണ്ടാകുമ്പോഴാണ്. കൊറോണയുടെ കടന്നുകയറ്റം കർത്താവിന്റെ വരവിനെക്കുറിച്ചുള്ള ചിന്തകൾക്കും പ്രമാണങ്ങൾക്കും പുതുജീവൻ നൽകി എന്ന് പറയാം. ക്രിസ്തുവിനെക്കുറിച്ച് സംസാരിക്കുന്നതിനേക്കാൾ കൂടുതൽ ഇപ്പോൾ പലരും എതിർക്രിസ്തുവിനെക്കുറിച്ച് ആണോ സംസാരിക്കുന്നത് എന്നു സംശയം ഇല്ലാതില്ല. പക്ഷേ ഇത്രയേറെ തെളിവുകൾ ശേഖരിച്ച് അവർ നിരത്തി അവതരിപ്പിച്ചുകൊണ്ട് യേശുവേഗം വരുന്നു എന്ന് വാചാലതയോടെ പ്രസംഗിച്ചിട്ടും നമ്മുടെ സഭാജനങ്ങളിൽ പ്രത്യാശ വർദ്ധിച്ചിട്ടുണ്ടോ? കർത്താവ് വേഗം വരണം എന്നുള്ള ആത്മാർത്ഥമായ ആഗ്രഹമോ പ്രതീക്ഷയോ നമ്മിൽ വളരുന്നുണ്ടോ? വിശുദ്ധിയിൽ വളർന്ന് കർത്താവിനോട് അനുരൂപപ്പെടാനുള്ള വാഞ്ഛ നമ്മിൽ വളരുന്നുവോ?

എവിടെയാണ് ആത്മീയ ജീവിതത്തിന് തെറ്റുപറ്റിയത്? കർത്താവിന്റെ വരവിനെക്കുറിച്ച് പ്രതീക്ഷയും പ്രത്യാശയും വളരുന്നത്, നമ്മുടെ ചുറ്റുപാടുകളിൽ നിന്നും കർത്താവിന്റെ വരവിനെക്കുറിച്ചുള്ള തെളിവുകളിൽ നിന്നും അല്ല, പ്രത്യുത കർത്താവുമായുള്ള ആത്മബന്ധത്തിൽ നിന്നും ഉള്ളിലുണ്ടാകുന്ന ഒരു ഉറപ്പാണ് അത്. കർത്താവുമായുള്ള ആത്മബന്ധം പുലർത്തുന്ന വ്യക്തിക്ക്, 'അതെ, ഞാൻ വേഗം വരുന്നു' എന്ന കർത്താവിന്റെ മൃദുസ്വരം അന്തരാത്മാവിൽ മുഴങ്ങി കേൾക്കാം. മറുപടിയായി, 'ആമേൻ യേശുവേ വരേണമേ' എന്ന പ്രാർത്ഥന ആവേശത്തോടെ ഉയരും. ഈ ലക്കത്തിലെ സന്ദേശം വിരൽചൂണ്ടുന്നത് ആ ആത്മിക അനുഭവത്തിലേക്ക് ആണ്. കർത്താവിന്റെ വരവിനായി ഒരുങ്ങി ഉണർന്നിരിക്കുന്നില്ലെങ്കിൽ നമ്മുടെ ആത്മീയ ജീവിതം നിരർഥകവും ജീവിതം പ്രത്യാശയറ്റതുംആണ്. ക്രിസ്തുവിന്റെ മടങ്ങിവരവ് ഒരു മരീചികയോ, ഭാവനാസൃഷ്ടിയോ അല്ല. എത്രയും വേഗം സംഭവിക്കുവാൻ പോകുന്ന ഒരു യാഥാർത്ഥ്യം. ഒരുങ്ങി ഇരിക്കുന്നവർ ഭാഗ്യവാന്മാർ.

യേശുവിന്റെ ദൈവാലയ ശുദ്ധീകരണ പ്രക്രിയയിലെ അവസാനത്തെ അടയാളത്തെ വിവരിക്കുന്നതാണ് സാജുവിന്റെ ലേഖനം. പ്രാർത്ഥിക്കുന്നവരെ ദൈവത്തിനും രാജ്യങ്ങൾക്കും, സഭയ്ക്കും ആവശ്യമുണ്ട് എന്നുള്ളതാണ് ബാബു ചെറിയാന്റെ പ്രമേയം. പ്രസിദ്ധീകരണത്തിനായി സൂക്ഷിച്ചിരുന്ന ലേഖനങ്ങളുടെ ഫയൽ പരതിയപ്പോൾ 'ഒരു രാജകീയ ആഹ്വാനം' എന്ന തലക്കെട്ടിൽ മുൻ എഡിറ്റർ ആയിരുന്ന ബഹു. കെ വി രാജു ചില വർഷങ്ങൾക്കു മുൻപ് എഴുതിയിരുന്നതെങ്കിലും കാലികപ്രസക്തിയുള്ള ഈടുറ്റ ഒരു ലേഖനം ശ്രദ്ധയിൽ പെടുകയും, ഈ ലക്കത്തിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ പകരക്കാരനായി യേശുകർത്താവു നമുക്കായി ചെയ്ത പരമപ്രധാനമായ രക്ഷണ്യ പ്രവർത്തികളെ ചെയ്സ് ജോസഫ് വിവരിക്കുന്നു.

ആത്മിക വർധനയ്ക്കുതകുന്ന ചിന്തോദ്ദീപകങ്ങളാണ് തുടർന്നുള്ള ലേഖനങ്ങളും. സമയമെടുത്തു ഓരോന്നും നോട്ടുകൾ തയ്യാറാക്കി വായിക്കുന്നത് മനസിലാക്കുവാനും ഓർത്തിരിക്കുവാനുമുള്ള ഒരു നല്ല ഉപാധിയാണ്. എല്ലാവരും പ്രയോജനപ്പെടുത്തണമെന്നുള്ള അഭ്യർഥനയോടെ സെപ്റ്റംബർ ലക്കം മാസിക മാന്യവായനക്കാർക്കായി സമർപ്പിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പുസ്തകം 10 ലക്കം 7
സെപ്തംബർ 2021

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Edited by P.V Varghese, Printed and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.

Annual Subscription `200.00

**യേശുവേ വേഗം വരേണമേ** — 4
ജോയ് എം. തോമസ്

**ആലയത്തെക്കുറിച്ചുള്ള എരിവ്** — 7
സാജു മാത്യു

**പ്രാർത്ഥിക്കുന്നവരെ ആവശ്യമുണ്ട്...** — 9
ബാബു ചെറിയാൻ

**ഒരു രാജകീയ ആഹ്വാനം** — 11
കെ. വി. ആർ

**ക്രിസ്തു എന്ന പകരക്കാരൻ** — 14
ചെയ്സ് ജോസഫ്

**അതിജീവനമെന്ന വിജയരഹസ്യം** — 16
ഡോ. സജികുമാർ കെ. പി.

**സ്വർഗീയപിതാവിന്റെ ഭാഷാശൈലി..** — 18
ഷാജി ഉമ്മൻ

**ആസക്തിയും മോചനവും** — 21
പി.വി. വർഗീസ്

**സാരോപദേശങ്ങൾ** — 23
എൽസി ജോയ്

**വാർത്താ വീഥി** — 24

**വേദ അധ്യയനം** — 26
ജോയ് എം. തോമസ്

**ജയം യേശുക്രിസ്തുവിൽ മാത്രം** — 29
ഷാജി തോമസ്

**ദൈവഭക്തിയും നാവിന്റെ നിയന്ത്രണവും** — 31
എംസി

സന്ദേശം



ജോയ് എം. തോമസ്

# യേശുവേ വേഗം വരേണമേ

നമ്മുടെ ആരാധനാമീറ്റിങ്ങുകളും പ്രാർത്ഥനാമീറ്റിങ്ങുകളും ഒക്കെ ആശീർവാദത്തോടെ ആണല്ലോ സമാപിക്കുന്നത്. ആശീർവാദവചനത്തിനു ശേഷം നാം ഒരുമിച്ച് പതിവായി പറയാറുള്ള ഒരു വചനമാണ് 'ആമേൻ കർത്താവായ യേശുവേ വരേണമേ' എന്ന്. വാസ്തവത്തിൽ കർത്താവ് വേഗം വരണം എന്ന് നാം അർഥം ആക്കാറുണ്ടോ? അതോ, ആശീർവാദ വചനത്തോടൊപ്പം പറയുന്ന ഒരു പതിവുപല്ലവിയായി മാത്രം അത് മാറിപ്പോയോ?

വിശുദ്ധ ബൈബിളിലെ അവസാനത്തെ പുസ്തകമായ വെളിപ്പാട് പുസ്തകത്തിന്റെ അവസാന വരികളിൽ പറയുന്നതിനെ കുറിച്ചാണ് നാം ചിന്തിക്കുന്നത്. ആ വേദവാക്യം ഇവിടെ ഉദ്ധരിക്കുന്നു. 'ഇത് സാക്ഷീകരിക്കുന്നവൻ: അതെ, ഞാൻ വേഗം വരുന്നു എന്ന് അരുളിച്ചെയ്യുന്നു; ആമേൻ കർത്താവായ യേശുവേ, വരേണമേ' (വെളിപ്പാട് 22: 20).

വെളിപ്പാട് പുസ്തകത്തിൽ പ്രതിപാദിക്കുന്നത് യേശുക്രിസ്തുവിന്റെ വെളിപ്പാടാണ്. യേശുക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയാണ് ലോകം കാണാനിരിക്കുന്ന ഏറ്റവും വലിയ സംഭവം. അതോടു ചേർന്ന് ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥയ്ക്കു സമൂല മാറ്റം വരും. എന്നാൽ കർത്താവിന്റെ മടങ്ങിവരവിന് മുൻപായി ലോകത്തിൽ പല സംഭവങ്ങളും നടക്കേണ്ടതുണ്ട്. ഈ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ലോക സംവിധാനങ്ങൾക്കും മനുഷ്യ ജീവിതത്തിനും പലവിധ മാറ്റങ്ങളും വന്നുകൊണ്ടിരിക്കും. അതിലേക്ക് വിരൽചൂണ്ടുന്ന സംഭവങ്ങളെക്കുറിച്ചുള്ള ദർശനങ്ങളാണ് യോഹന്നാൻ വിവരിക്കുന്നത്.

വെളിപ്പാട് പുസ്തകം എഴുതിയിരിക്കുന്നത് ലോക ജാതികൾക്ക് വേണ്ടിയല്ല. ഇത് കർത്താവ് തന്റെ സഭയ്ക്ക് നൽകുന്ന വെളിപ്പാടാണ്. പിതാവായ ദൈവം തന്റെ പുത്രനായ ക്രിസ്തുവിന് നൽകിയ വെളിപ്പാട് തന്റെ സഭയ്ക്ക് നൽകേണ്ടതിനായിരുന്നു.'യേശുക്രിസ്തുവിന്റെ വെളിപ്പാട്: വേഗത്തിൽ സംഭവിക്കാനുള്ളത് തന്റെ ദാസന്മാരെ കാണിക്കേണ്ടതിന് ദൈവം അത് അവന് കൊടുത്തു. അവൻ അത് തന്റെ ദൂതൻ മുഖാന്തരം അയച്ചു തന്റെ ദാസനായ യോഹന്നാനു പ്രദർശിപ്പിച്ചു. അവൻ ദൈവത്തിന്റെ വചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവുമായി താൻ കണ്ടത് ഒക്കെയും സാക്ഷീകരിച്ചു' (വെളിപ്പാട് 1: 1, 2).

ലോകത്തിൽ സംഭവിക്കുന്നതിനെക്കുറിച്ച് സഭയ്ക്ക് അതായത് തന്റെ ദാസന്മാർക്ക് അറിവുണ്ടായിരിക്കണം. അതിനുവേണ്ടിയാണ് കർത്താവ് ഈ വെളിപ്പാട് തന്റെ വചനത്തിലൂടെ നൽകുന്നത്. ഈ അറിവ് ഭയപ്പെടുത്തുന്നതിനല്ല; പ്രത്യുത്തധൈര്യപ്പെടുത്തുന്നതിനാണ്.

ഈ പുസ്തകത്തിലെ വചനങ്ങൾ തന്റെ ദാസന്മാർ വായിക്കണമെന്നും വായന അറിയാത്തവരെ വായിച്ചു കേൾപ്പിക്കണം എന്നും കർത്താവ് ആഗ്രഹിക്കുന്നു. കാരണം യോഹന്നാനു നൽകിയ വെളിപ്പാട് ഏതുകാലത്തും ഉള്ള തന്റെ ദാസന്മാർക്കും ലഭിക്കാൻ ഉള്ളതാണ്. അവർ വായിക്കുമ്പോൾ, വായിച്ചു കേൾക്കുമ്പോൾ കർത്താവ് കാര്യങ്ങൾ വെളിപ്പെടുത്തി കൊടുക്കും. ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു

കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ (വെളിപ്പാട് 1: 3). അന്നത്തെ കാലത്ത് ചുരുളിൽ എഴുതപ്പെട്ടിരുന്നത് പരസ്യമായി വായിക്കുമ്പോൾ സാധാരണ ആളുകൾ കേട്ട് ഗ്രഹിക്കുന്ന പതിവായിരുന്നു.

ദൈവത്തിന്റെ വചനങ്ങൾ ഒന്നും തന്നെ ബുദ്ധി കൊണ്ട് ഗ്രഹിക്കേണ്ടത് അല്ല. പ്രത്യുത ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ നൽകുന്ന വെളിപ്പാട് മുഖാന്തരമാണ് വചനത്തിന്റെ പൊരുൾ മനസ്സിലാകുന്നത്. വെളിപ്പാട് പുസ്തകവും നാം പ്രാർത്ഥനയോടെ വായിക്കുമ്പോൾ ദൈവം അത് ഗ്രഹിക്കുവാൻ തക്കവണ്ണം വെളിപ്പാടിന്റെ ആത്മാവിനെ നൽകി നമ്മെ അനുഗ്രഹിക്കും.

വേഗത്തിൽ സംഭവിക്കാനുള്ള സംഭവങ്ങളെക്കുറിച്ച് വെളിപ്പാട് നൽകുന്നതിനു മുൻപ്, തന്നെക്കുറിച്ചുള്ള ഒരു വെളിപ്പാടാണ് കർത്താവ് യോഹന്നാനു നൽകിയത്. ഉയിർത്തെഴുന്നേറ്റ കർത്താവിനെ പലവട്ടം യോഹന്നാൻ കണ്ടിട്ടുണ്ടെങ്കിലും ഇപ്പോൾ ലഭിക്കുന്ന വെളിപ്പാട് വളരെ വ്യത്യസ്തമാണ്. തേജോമയനായ കർത്താവിനെ കണ്ടിട്ട് യോഹന്നാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു (വെളിപ്പാട് 1: 17). ആദ്യനും അന്ത്യനും ജീവൻ ഉള്ളവനും മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ കൈവശമുള്ളവനുമായ കർത്താവിനെ, തന്റെ മഹത്വത്തിന്റെ ചെറിയ ഒരു അംശം എങ്കിലും യോഹന്നാന് ദർശിക്കുവാൻ കഴിഞ്ഞു. കർത്താവിനെക്കുറിച്ചുള്ള ഈ വെളിപ്പാട് പ്രാപിച്ചു കൊണ്ടുവേണം മേലാൽ സംഭവിക്കാനുള്ളവയെക്കുറിച്ച് വെളിപ്പാട് പ്രാപിക്കുവാൻ.

വെളിപ്പാട് പുസ്തകം അഞ്ചാം അദ്ധ്യായത്തിൽ കർത്താവിനെ ഒരു കുഞ്ഞാട് അറുക്കപ്പെട്ടത് പോലെ നിൽക്കുന്നതായി കണ്ടു. സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തിന്റെ കയ്യിൽ നിന്നും പുസ്തകം വാങ്ങുവാനും അതിന്റെ മുദ്രകൾപൊട്ടിച്ച് തുറക്കുവാനും ആ കുഞ്ഞാട് മാത്രം യോഗ്യൻ ആയിരുന്നു. ആ പുസ്തകത്തിന്റെ മുദ്ര പൊട്ടിക്കുമ്പോൾ സംഭവിക്കേണ്ടത് എല്ലാം ദൈവം തന്റെ സർവ്വജ്ഞാനത്തിൽ അറിയുന്നതും, നിർണയിച്ചിരിക്കുന്നതുമായ കാര്യങ്ങളാണ്. നമുക്കായി ജീവൻ നൽകി നമ്മെ വീണ്ടെടുത്ത സ്നേഹവാനായ കർത്താവായ യേശുക്രിസ്തു, അതായത് നമ്മുടെ പാപം ചുമന്നു ഒഴിച്ച ദൈവത്തിന്റെ കുഞ്ഞാടായ നമ്മുടെ

**വേഗത്തിൽ സംഭവിക്കാനുള്ള സംഭവങ്ങളെക്കുറിച്ച് വെളിപ്പാട് നൽകുന്നതിനു മുൻപ്, തന്നെക്കുറിച്ചുള്ള ഒരു വെളിപ്പാടാണ് കർത്താവ് യോഹന്നാനു നൽകിയത്. ഉയിർത്തെഴുന്നേറ്റ കർത്താവിനെ പലവട്ടം യോഹന്നാൻ കണ്ടിട്ടുണ്ടെങ്കിലും ഇപ്പോൾ ലഭിക്കുന്ന വെളിപ്പാട് വളരെ വ്യത്യസ്തമാണ്.**

ആത്മമണവാളന്റെ കയ്യിലാണ് എല്ലാറ്റിന്റെയും നിയന്ത്രണം. അവിടുന്നു മുദ്ര പൊട്ടിക്കുന്ന ക്രമത്തിലാണ് ഓരോ സംഭവങ്ങളും നിറവേറുന്നതു. അതിനാൽ സകലവും തന്റെ നിയന്ത്രണത്തിൽ തന്നെയാണ്. ഈ വെളിപ്പാട് ആണ് കർത്താവ് ദർശനത്തിൽ കൂടെ തന്റെ ദാസന്മാരായ നമുക്ക് നൽകുന്നത്.

കൊറോണ വൈറസിന്റെ വ്യാപനത്തോടെ ലോകത്തിൽ ചില മാറ്റങ്ങൾ നമുക്ക് കാണുവാൻ കഴിയുന്നു. വലിയ ആശങ്കകളാണ് ലോകജനതയ്ക്ക് ഉണ്ടായത്. സാമ്പത്തിക മാന്ദ്യവും തൊഴിലില്ലായ്മയും എന്നു തുടങ്ങി പല സങ്കീർണ്ണ പ്രശ്നങ്ങളും നമുക്ക് മുമ്പിലുണ്ട്. വല്ലാത്ത ഒരു അനിശ്ചിതത്വമാണ് എല്ലാവർക്കും അനുഭവപ്പെടുന്നത്. പല ആശയക്കുഴപ്പങ്ങളും പൊതുവായി ജനം അഭിമുഖീകരിക്കുന്നു എങ്കിലും എല്ലാം കൈപ്പിടിയിലൊതുക്കാൻ ഉള്ള ചങ്കൂറ്റത്തോടെ ഗവേഷണ ലോകവും ശാസ്ത്രവും മുമ്പോട്ടു പോകുന്നു. കൊറോണക്കെതിരെയുള്ള വാക്സിനേഷനും ഒരു പുതിയ വഴിത്തിരിവായിരിക്കുന്നു. വാക്സിനേഷനെ സംബന്ധിച്ച് പല അനാവശ്യ ആശയക്കുഴപ്പങ്ങളും ഇപ്പോഴും നിലനിൽക്കുന്നു എന്നത് മറക്കുന്നില്ല. വാക്സിനേഷനെ എതിർ ക്രിസ്തുവിന്റെ മുദ്രയുമായി ബന്ധിപ്പിച്ചുള്ള പ്രചരണങ്ങൾ ദൈവമക്കൾക്ക് ഇടയിൽ ഭീതി ഉണ്ടാക്കുന്നുണ്ട്. കർത്താവിന്റെ വരവിനെക്കുറിച്ച് പല ആശയക്കുഴപ്പങ്ങളും ദൈവമക്കൾക്കിടയിൽ നിലനിൽക്കുന്നു. കർത്താവിന്റെ വരവിൻ സമയം, വരുന്ന വിധം, വരുന്നതിനു മുമ്പുള്ള കാര്യങ്ങൾ തുടങ്ങി പലതും നാം തന്നെ

നിശ്ചയിക്കുവാൻ ശ്രമിക്കുന്നതിനാൽ ഉള്ള ആശയക്കുഴപ്പങ്ങൾ ആണ് ഇവകൾ. അനാവശ്യ വ്യാഖ്യാനങ്ങളാണ് പലതും.

സംഭവിക്കേണ്ടത് എല്ലാം അതാതിന്റെ സമയത്ത് സംഭവിച്ചുകൊണ്ടിരിക്കും. നമ്മുടെ സമയത്ത് സംഭവിക്കുന്നവയെ തിരിച്ചറിയുവാൻ ദൈവം നൽകിയിരിക്കുന്ന വെളിപ്പാടുകൾ നമ്മെ സഹായിക്കും. വചനം വായിച്ച് ധൈര്യപ്പെടുവാനും, അതിൽ നാം ചെയ്യേണ്ടത് എന്തെന്ന് എഴുതിയിരിക്കുന്നത് പ്രമാണിക്കുവാനും അതു നമ്മെ സഹായിക്കും. സകലവും നിയന്ത്രിക്കുന്നത് കർത്താവാണെന്ന് ഓർത്ത് എപ്പോഴും നാം ധൈര്യപ്പെടുകയും ദൈവത്തിനു മഹത്വം അർപ്പിക്കുകയുംവേണം.

പ്രകൃതിക്ഷോഭങ്ങളെക്കുറിച്ചും മഹാവ്യാധികളെക്കുറിച്ചും, ക്ഷാമം, ഭൂകമ്പം തുടങ്ങിയവയെക്കുറിച്ചും വെളിപ്പാട് പുസ്തകം പറയുന്നുണ്ട്. എതിർക്രിസ്തുവിനെക്കുറിച്ചും ഉപദ്രവകാലത്തെക്കുറിച്ചും നമ്പർ സംവിധാനത്തിൽ ലോകത്തിൽ എല്ലാം നിയന്ത്രിക്കപ്പെടുന്നതിനെക്കുറിച്ചും ഒക്കെയുള്ള അറിവ് ഈ പുസ്തകത്തിൽ നിന്നും നമുക്ക് ലഭിക്കുന്നുണ്ട്. അതേസമയം എതിർക്രിസ്തുവിന്റെയും കള്ളപ്രവാചകന്റെയും ദാരുണ അന്ത്യത്തെ കുറിച്ചും, പിശാചിന് വരുന്ന നാശത്തെക്കുറിച്ചും വെളിപ്പാട് പുസ്തകം പ്രഘോഷിക്കുന്നു. മാത്രവുമല്ല, സകല മാലിന്യങ്ങളെയും അകറ്റി ഭൂമി പുതുക്കപ്പെട്ടു, പുതിയ യെരുശലേം എന്ന വിശുദ്ധ നഗരം അതിൽ ഇറങ്ങി വസിക്കുന്ന ദർശനവും നമുക്ക് ലഭിക്കുന്നു. മനുഷ്യന്റെ പ്രശ്നങ്ങൾക്ക് നിത്യമായ പരിഹാരം വന്നു, കണ്ണുനീർ തുടയ്ക്കപ്പെട്ടു നിത്യാനന്ദം ലഭിച്ചവരായി ആത്മ മണവാളൻ ആയ കർത്താവിനോട് കൂടെ വാഴുന്ന നിത്യതയുടെ വർണ്ണനയോടെയാണ് ഈ വിശുദ്ധ ഗ്രന്ഥം അവസാനിക്കുന്നത്. അതിനാൽ വായനക്കാർക്ക് പ്രത്യാശയും ഉണർവ്വും ധൈര്യവും പ്രചോദനവുമാണ് ഇതിൽനിന്നും ലഭിക്കുന്നതു. അതുകൊണ്ട് എല്ലാം നിയന്ത്രിക്കുന്ന, തന്റെ നിർണയം പോലെ സകലവും പ്രവർത്തിക്കുന്ന പരമാധികാരിയായ കർത്താവിനെ കുറിച്ചുള്ളവെളിപ്പാട് നാം പ്രാപിക്കണം. നമ്മുടെ ഒരു ആശയക്കുഴപ്പത്തിനും ആവശ്യമില്ല. ഇതാ ഞാൻ വേഗം വരുന്നു എന്നരുളിചെയ്ത കർത്താവ് തക്കസമയത്ത് വരും. നാം പ്രതീക്ഷിക്കുന്നതും, കാത്തിരിക്കുന്നതും കർത്താവിനെ മാത്രം ആണ്. ലോകത്തിലെ മാറ്റങ്ങൾ നമ്മെ ഭയപ്പെടുത്തുന്നതോ, അനിശ്ചിതത്വത്തിൽ കുടുക്കുന്നതോ ആയിരിക്കരുത്.

നമ്മുടെ പ്രത്യാശ വർദ്ധിപ്പിക്കുന്നതും വേഗം വരുന്ന കർത്താവിനായി ഉണർന്നു ഒരുങ്ങി ഇരിക്കുവാൻ പ്രചോദിപ്പിക്കുന്നതും ആയിരിക്കട്ടെ. പ്രശ്നങ്ങളെക്കുറിച്ച് അല്ല പ്രശ്നപരിഹാരത്തെക്കുറിച്ച് നമുക്ക് സംസാരിക്കാം. കർത്താവിന്റെ മടങ്ങിവരവ് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാണ്. എല്ലാറ്റിനുമൊടുവിൽ കർത്താവ് നമ്മോട് അതായത്, സഭയോട് പറയുന്നത് ഇതാണ്. 'ഇതാ ഞാൻ വേഗം വരുന്നു'. അതിന് നാം നൽകേണ്ട മറുപടി 'ആമേൻ!' എന്നാണ് അതേ കർത്താവേ അങ്ങ് പറഞ്ഞതുപോലെ വരേണമേ; അതെ,വേഗം വരേണമേ! കർത്താവു വേഗം വരണമെന്ന വാഞ്ഛ ശരിക്കും നമ്മുടെ ഹൃദയത്തിൽ നിറഞ്ഞിരിക്കുന്നുവോ? ●

**ഈ താൽക്കാലിക ലോകത്തിനപ്പുറത്ത് ഒരു ബാഹ്യലോകമുണ്ട്.**
**അവിടെ നരകവും സ്വർഗ്ഗവും ഉണ്ട്.**
**ഒരു ദിവസം താങ്കളുടെ ശരീരത്തെ ലോകവുമായി**
**ബന്ധിപ്പിക്കുന്ന ജീവൻ എന്ന ചരട് അറ്റുപോകും.**
**അന്ന് നിങ്ങളുടെ ആത്മാവ് നിത്യത എന്ന യാഥാർത്ഥ്യത്തെ**
**നേരിടും. വിശ്വാസിയെ സംബന്ധിച്ചിടത്തോളം**
**ആ ദിവസം ഒരു സുദിനം ആയിരിക്കും.**
**നിരീശ്വരന് ആ ദിവസം ഒരു ദുർദ്ദിനവും!**



സാജു മാത്യു

# ആലയത്തെക്കുറിച്ചുള്ള എരിവ്

***"യേശു അവരോട് ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്നുത്തരം പറഞ്ഞു(യോഹന്നാൻ 2:19)***

യേശുവിന്റെ ദൈവാലയശുദ്ധീകരണമാണു നാം നമ്മുടെ വേദഭാഗത്തു (യോഹന്നാൻ 2:25) കണ്ടത്. യേശു ഇത്രയും രോഷാകുലനായ സംഭവം സുവിശേഷങ്ങളിൽ വേറെയില്ല. സൗമ്യതയും താഴ്മയുമുള്ള യേശു (മത്തായി 11:29) ദൈവാലയത്തിലെ മാടുകച്ചവടക്കാരോട് ഇത്രയും രോഷാകുലനാകാൻ കാരണമെന്താണ്?

അതിനുള്ള ഉത്തരം അവിടെത്തന്നെ എഴുതിയിട്ടുണ്ട്: "നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളയുന്നു" (യോഹന്നാൻ 2:17; സങ്കീർത്തനം 69:8,9). "ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യൻ" (സംഖ്യാ. 12:3) എന്ന പേരുകേട്ട മോശെയും, വിഗ്രഹാരാധനയിലൂടെ ദൈവനാമം അപഹസിക്കപ്പെട്ടപ്പോൾ യിസ്രായേൽ മക്കളോട് വളരെ രോഷത്തോടെ ഇടപെടുന്നുണ്ട് (പുറപ്പാട് 32).

പാപികളോടു കരുണയോട് ഇടപെടുന്ന യേശു, ആത്മീയതയെ കച്ചവടമാക്കിയവരോട് ഒരു ദാക്ഷണ്യവും കാണിച്ചില്ല. "യേശുവിന്റെ നാമം മഹത്ത്വപ്പെടാത്തിടത്ത് എനിക്ക് ജീവിതം ദുസ്സഹമാണ്" (I could not endure existence) എന്നു പറഞ്ഞ ഹെൻട്രി മാർട്ടിനെ നമുക്ക് ഓർക്കാം.

ആലയത്തെക്കുറിച്ചുള്ള എരിവുള്ളവർ ഇന്നും ആവശ്യം. കാരണം, ഇന്നു സഭകളിൽ കച്ചവടം സുലഭം! വിജാതീയർ സഭയിലെത്തിയാൽ അവർക്കു കാണാൻ കഴിയുന്നത് തിരുനിവാസത്തിന്റെ വിശുദ്ധിയല്ല; ഭക്തി ആദായസൂത്രമാക്കിയവന്റെ നാറുന്ന അഭിനയമാണ്! "ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിക്കാൻ സമയമായല്ലോ... അതു നമ്മിൽ തുടങ്ങിയാൽ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും? നീതിമാൻ പ്രയാസേന രക്ഷപ്രാപിക്കുന്നുവെങ്കിൽ അഭക്തന്റെയും പാപിയുടെയും ഗതിയെന്താകും? (1 പത്രൊസ് 4:17,18).

"ആലയത്തെക്കുറിച്ചുള്ള എരിവ് അവനെ തിന്നുകളയുന്നു," എന്നു പറയുമ്പോൾ, എരിവ് അവന്റെ സമനില തെറ്റിച്ചെന്നല്ല അതിനർഥം! സ്വന്തം സുരക്ഷിതത്വത്തെ മറന്നു പ്രവർത്തിക്കാൻ ആലയത്തെക്കുറിച്ചുള്ള എരിവ് പ്രേരണയായി എന്നാണ്! കുബുദ്ധികളായ നേതാക്കൾ തന്നെ നശിപ്പിക്കാനുള്ള സകല ചുറ്റുവട്ടങ്ങളും ഒപ്പിക്കും എന്നറിഞ്ഞിട്ടും യേശു ആലയശുദ്ധീകരണത്തിനിറങ്ങി. "യേശുവോ, എല്ലാവരെയും അറികകൊണ്ടു തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ചേൽപ്പിച്ചില്ല (യോഹന്നാൻ 2: 24).വ്യവസ്ഥാപിത കച്ചവടമതത്തോടും അതിന്റെ കുടിലതകളോടുമുള്ള യേശുവിന്റെ പരസ്യമായ വെല്ലുവിളയായിരുന്നു ദൈവാലയ ശുദ്ധീകരണം. അവന്റെ ജഡാവതരണത്തിന്റെ (incarnation) ലക്ഷ്യം തന്നെ ആലയ ശുദ്ധീകരണവും (cleansing the temple), സത്യത്തിലുള്ള ആരാധനയുടെ പുനഃസ്ഥാപനവും (replacing true worship) ആയിരുന്നു. എരിവുള്ള ഏതു യെഹൂദനും ഈ പ്രവൃത്തിയെ പിൻതുണയ്ക്കേണ്ടതായിരുന്നു. എന്നാൽ, ആലയ ശുദ്ധീകരണക്രിയ നടത്തി നില്കുന്ന യേശുവിന്റെ അടുത്തു വന്ന ഒരു യെഹൂദനും "വെൽ ഡൺ" എന്നു പറഞ്ഞ് കൈകൊടുത്തില്ല.

## ആലയത്തെക്കുറിച്ചുള്ള എരിവ്

"നീ എന്തുകൊണ്ട് ഇതു ചെയ്തു? എന്ന് ആരും യേശുവിന്റെ അടുത്തു ചോദിച്ചില്ല. കാരണം, യേശുവിന്റെ പ്രവൃത്തി അനിവാര്യമായിരുന്നുവെന്ന് അവർക്കെല്ലാമറിയാം. അവരുടെ ചോദ്യം, ചെയ്തതൊക്കെ ശരിയാണെന്നിരിക്കട്ടെ; എങ്കിൽത്തന്നെ, അതു ചെയ്യുവാൻ നിനക്ക് ആരാണ് അവകാശം തന്നത്? നീ മഹാപുരോഹിതനല്ല, നീ സൻഹദ്രീം സംഘത്തിന്റെ നേതാവല്ല" ഓർഡെയ്ൻഡ് മിനിസ്റ്റർ അല്ല; യെരൂശലേമ്യൻ പോലുമല്ല! എന്നാൽ, യെഹൂദന്മാർ അവനോട്: നിനക്ക് ഇങ്ങനെ ചെയ്യാം എന്നതിനു നീ എന്തടയാളം കാണിച്ചുതരും എന്നു ചോദിച്ചു" (യോഹന്നാൻ 2: 18).

"യെഹൂദന്മാർ" എന്നാണിവിടെ എഴുതിയിരിക്കുന്നത്, അല്ലാതെ 'മഹാപുരോഹിതന്മാർ' എന്നല്ല. തീർച്ചയായും മഹാപുരോഹിതന്മാരായിരിക്കണം ഇതിനു പിന്നിലുള്ളത്. എന്നാൽ ശുദ്ധീകരണസമയത്തു യേശുവിനു 'ജയ്' വിളിച്ചവരും ഇപ്പോൾ മഹാപുരോഹിതന്മാരോടുകൂടെയാണ്.

അതങ്ങനെയാണ്! ഒരു നവീകരണത്തിനൊരുങ്ങിയാൽ ആദ്യമൊക്കെ കൈയടികിട്ടും. എന്നാൽ, മഹാപുരോഹിതൻ എതിരായാൽ ജനങ്ങളും എതിരാകും. വിലകൊടുക്കാതെ എന്തെങ്കിലും ചെയ്യാനാവുമെന്ന് ആരും ആശിക്കേണ്ടതില്ല. മതത്തിന്റെ വ്യാജത്തോടു സമരം പ്രഖ്യാപിക്കുന്നവൻ ആദ്യം നേരിടേണ്ടത് 'ഒറ്റപ്പെടുത്തൽ' എന്ന പീഡാനുഭവമാണ്!

യെഹൂദന്മാർ യേശുവിനോടു ചോദിക്കുന്നത് ഇതാണ്: "എന്റെ പിതാവിന്റെ ആലയം" എന്നു പറഞ്ഞാണല്ലോ നീ ശുദ്ധീകരണം നടത്തിയത്. ദൈവത്തിന്റെ പേരിലാണ് നീ ഇതു ചെയ്യുന്നതെങ്കിൽ നീ ദൈവത്തിൽ നിന്നുള്ളവനാണ് എന്നതിനു നീയൊരു അടയാളം കാണിച്ചുതരൂ... ഞങ്ങൾ വിശ്വസിക്കാം!

യേശു ഉടനടി ഒരു അടയാളം കാണിച്ചുകൊടുത്തില്ല. അടയാളം ചോദിക്കുന്നവർക്കു അടയാളം കാണിച്ചു കൊടുക്കുകയില്ല. "ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു; യോനാപ്രവാചകന്റെ അടയാളമല്ലാതെ അതിനു അടയാളം ലഭിക്കുകയില്ല. യോനാ, കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിലിരിക്കും..." (മത്തായി 12:39,40). ഇവിടെ നമ്മുടെ വേദഭാഗത്തും, ഒരു അടയാളം കാണിച്ചുകൊടുക്കാനല്ല, പ്രത്യുത, വരാൻപോകുന്ന വലിയ അടയാളത്തെക്കുറിച്ചു പ്രസ്താവിക്കാനാണ് യേശു പരിശ്രമിക്കുന്നത്.

"യേശു അവരോട്, ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസംകൊണ്ട് അതിനെ പണിയും എന്നു പറഞ്ഞു"(യോഹന്നാൻ 2:19).

തന്റെ ദൈവികതയെ ചോദ്യം ചെയ്യാനെത്തുന്നവരോടു യേശു പറയുന്ന വാക്കുകൾ മാർമികമാണ്. "മന്ദിരം ശുദ്ധീകരിപ്പാൻ എനിക്കുള്ള അവകാശം എന്താണ് എന്നാണല്ലോ നിങ്ങളുടെ ചോദ്യം. ശുദ്ധീകരിക്കാൻ മാത്രമല്ല, പൊളിച്ചു പുതിയതൊന്നു പണിയാനുംകൂടെയാണു ഞാൻ വന്നത്!"

അവർക്ക് ഒന്നും മനസിലായില്ല. കാരണം, ദൈവരാജ്യത്തിന്റെ മർമങ്ങളെ ഗ്രഹിപ്പാൻ അവർക്കു വരം ലഭിച്ചിട്ടില്ല (മത്തായി13:10,11). അതു അറിവുകൊണ്ടല്ല, വെളിപ്പാടുകൊണ്ടേ ഗ്രഹിപ്പാൻ കഴിയൂ. യേശു പറഞ്ഞത്, തന്റെ ശരീരമെന്ന മന്ദിരത്തെക്കുറിച്ചാണ്(യോഹന്നാൻ 2:21). യേശുവിന്റെ ശരീരം ദൈവത്തിന്റെ മന്ദിരമാണ്. "വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു" (യോഹന്നാൻ 1 :14). പലസ്തീനിലെ ചേറുപുരണ്ട ഭൂമിയിൽ യേശു പാദംവെച്ചു നടന്നപ്പോൾ ദൈവം ഭൂമിയിൽ നടക്കുകയയിരുന്നു...

"യെഹൂദന്മാർ അവനോട്: ഈ മന്ദിരം നാല്പത്താറു സംവത്സരംകൊണ്ടു പണിതിരിക്കുന്നു; നീ മൂന്നു ദിവസത്തിനകം അതിനെ പണിയുമോ? എന്നു ചോദിച്ചു(യോഹന്നാൻ 2:20).

യേശു തന്റെ ശരീരമെന്ന മന്ദിരത്തെക്കുറിച്ചു പറയുമ്പോൾ (യോഹന്നാൻ 2: 21) അവർ വീണ്ടും യെരൂശലേം ദൈവാലയത്തെക്കുറിച്ചു പറയുന്നു. ശലോമോൻ ആദ്യം ദൈവാലയം പണിതു; നെബൂഖദ്നേസർ അതു ഇടിച്ചുകളഞ്ഞു. പ്രവാസാനന്തരം വീണ്ടും അതു പണിയപ്പെട്ടെങ്കിലും സിറിയയുടെ ആക്രമണത്തിൽ അതു തകർക്കപ്പെട്ടു. മഹാനായ ഹേരോദ് അയാളുടെ വാഴ്ചയുടെ പതിനെട്ടാം ആണ്ടിൽ(യേശുവിന്റെ ജനനത്തിനു പതിനാറുവർഷം മുമ്പ്) അതു പണിതു തുടങ്ങി. ഒമ്പതു വർഷവും ആറുമാസവും കൊണ്ട് അതിന്റെ മുഖ്യ കെട്ടിടം പണിതീർത്തു. എന്നാൽ, യേശുവിന്റെ കാലത്ത് അതിന്റെ മിനുക്കുപണികൾ തുടർന്നുകൊണ്ടേയിരുന്നു (യോസീഫസ്-യെഹൂദരുടെ പൗരാണികത). ഇപ്പോൾ ദൈവാലയം പണിതുടങ്ങിയിട്ട്

ശേഷം പേജ് 30 ▶



ബാബു ചെറിയാൻ

# പ്രാർത്ഥിക്കുന്നവരെ ആവശ്യമുണ്ട്...

1. ദൈവത്തിന് ...2. രാജ്യങ്ങൾക്ക്`... 3. സഭയ്ക്ക് ...ഇടിവിൽ നിൽക്കാൻ ഞാൻ ഒരു പുരുഷനെ അന്വേഷിച്ചു എന്നാണ് പ്രവാചകനിലൂടെ ദൈവം പറയുന്നത്.

**ഞാൻ** ദേശത്തെ നശിപ്പിക്കാൻ നിർബന്ധിതനായിരിക്കുന്നു, എന്നാൽ ആരെങ്കിലും പ്രാർത്ഥനയുടെ മതിൽ കെട്ടുവാൻ തയ്യാറായാൽ ഞാൻ എന്റെ തീരുമാനം മാറ്റാം എന്നാണ് സർവ്വശക്തന്റെ സന്ദേശം. (യെഹെസ്ക്കേൽ 42:35) നമ്മുടെ ബുദ്ധിയിൽ ദഹിക്കാത്ത ഒരു ചിന്തയാണിത്. നശിപ്പിക്കാനും രക്ഷിക്കാനും അധികാരമുള്ളവൻ എന്തിന്, മനുഷ്യനെ ഇതിനിടയിൽ പിടിച്ചിടുന്നു? മഹാ ദൈവത്തിന്റെ കരുണയും സ്നേഹവും ആണ് ഇവിടെ വെളിപ്പെടുന്നത്. ഒരു ദേശം ഗുരുതരമായ പാപാവസ്ഥയിൽ തുടരുമ്പോൾ, നീതിമാനായ ദൈവത്തിന്റെ നീതി ഉണരും. അതൊരു ജ്വാലയായി കത്തുമ്പോൾ, കണ്ണുനീർ ഒഴുക്കുന്ന മനുഷ്യനു മാത്രമേ ആ ജ്വാലയെ അണയ്ക്കുവാൻ കഴിയുകയുള്ളൂ. ഇടിവിൽ നിൽക്കുന്നവൻ മതിൽ കെട്ടുകയാണ്. സംരക്ഷണത്തിന്റെ അടയാളമാണ് മതിൽ. ദൈവിക ന്യായവിധിയെ, പ്രാർത്ഥനയുടെ മതിൽ കെട്ടി തടയാൻ കഴിയും. സ്തോത്രം...

സോദോമിനെപ്പറ്റി ലഭിച്ച വളരെ ഗൗരവമായ പരാതിയുടെ അന്വേഷണത്തിന് വന്ന ദൈവം, അബ്രഹാമിനോട് കാര്യം പങ്കുവയ്ക്കുന്നു. അത്രമാത്രം ഇന്റിമെസ്സിയാണ് അബ്രഹാമും ദൈവവും തമ്മിൽ! ന്യായവിധിയുടെ വിവരമറിഞ്ഞ ഉടനെ അബ്രഹാമിലെ പ്രാർത്ഥനാമനുഷ്യൻ ഉണർന്നു.അവൻ ഇടിവിൽ നിന്നു. അമ്പതു നീതിമാന്മാരെങ്കിലും ഉണ്ടെങ്കിൽ അവിടുന്ന് പട്ടണത്തെ നശിപ്പിക്കുമോ എന്ന് അബ്രഹാം ദൈവത്തോട് പ്രാർത്ഥനയിൽ അപേക്ഷിച്ചു. അമ്പതു നീതിമാന്മാർ പട്ടണത്തിൽ ഉണ്ട് എങ്കിൽ അവരുടെ നിമിത്തം ആ സ്ഥലത്തോട് ഒക്കെയും ക്ഷമിക്കും എന്ന് ദൈവം അരുളിച്ചെയ്തു. അമ്പതു നീതിമാന്മാർ കാണുമോ എന്നതിൽ സംശയം തോന്നിയ അബ്രഹാം നാല്പത്തിയഞ്ചും തുടർന്ന് നാല്പതും അങ്ങനെ അവസാനം പത്തു പേരെ അവിടെ ഉള്ളു എങ്കിലോ, എന്നിങ്ങനെ ചിന്തിച്ചു, അൻപതിൽ നിന്ന് പത്തിലേക്ക് എത്തി. അതിനു ദൈവം, ആ പത്തു നീതിമാന്മാരുടെ

**ഒരു ദേശം ഗുരുതരമായ പാപാവസ്ഥയിൽ തുടരുമ്പോൾ, നീതിമാനായ ദൈവത്തിന്റെ നീതി ഉണരും. അതൊരു ജ്വാലയായി കത്തുമ്പോൾ, കണ്ണുനീർ ഒഴുക്കുന്ന മനുഷ്യനു മാത്രമേ ആ ജ്വാലയെ അണയ്ക്കുവാൻ കഴിയുകയുള്ളൂ.**

നിമിത്തം നശിപ്പിക്കുകയില്ല എന്ന് അരുളിച്ചെയ്തു. ന്യായവിധിയെ ഒഴിവാക്കാൻ ദൈവം മനസ്സു വെച്ചു (ഉല്പത്തി 18:16-33). സോദോമിന്റെ അകൃത്യം നിമിത്തം ആണോ അവിടെ തീ വീണത്? അതെ, എന്നും അല്ലാ എന്നുമാണ് ഉത്തരം. 10 നീതിമാന്മാരുടെ അഭാവം അല്ലേ വാസ്തവത്തിൽ ഇപ്പോൾ ന്യായവിധി വരാൻ കാരണം. സോദോമിൽ തീ ഇടുന്നതിനു മുൻപ് ഇടിവിൽ നിൽക്കാൻ ഒരു അബ്രഹാമിനെ ദൈവം കണ്ടെത്തി.

നമ്മുടെ ദേശം ഇപ്പോൾ കടന്നുപോകുന്ന കഠിനമായ രോഗഭീതിയുടെ നടുവിൽ ഇടിവിൽ നിൽക്കാൻ ഒരു കൂട്ടത്തെ കർത്താവ് അന്വേഷിക്കുന്നു. കർത്താവിന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന കർത്താവിന്റെ മക്കൾ അല്ലാതെ, പിന്നെ ആര് ഇത് നിർവഹിക്കും ?

ഈജിപ്തിന്റെ ചക്രവർത്തി ഒരു പ്രാർത്ഥനാ മനുഷ്യനെ അന്വേഷിക്കുന്ന കാര്യം ഉല്പത്തി പുസ്തകം 41 : 38 ൽ പറഞ്ഞിട്ടുണ്ട്. ആ രാജ്യത്തെ, ഭയങ്കര പ്രതിസന്ധിയിൽ നിന്നു കരകയറ്റുവാൻ ദൈവാത്മാവ് ഉള്ള ഈ മനുഷ്യനെ പോലെ വേറൊരാളെ കണ്ടെത്തുമോ എന്നു പ്രഖ്യാപിച്ചുകൊണ്ട്, അടിമച്ചെറുക്കൻ ആയ ജോസഫിനെ ആഭ്യന്തരമന്ത്രി ആക്കുകയാണ് ചക്രവർത്തി. ജോസഫ് വാസ്തവത്തിൽ നല്ലൊരു കുടുംബത്തിൽ പിറന്നവനും, ദൈവഭക്തരായ മാതാപിതാക്കളാൽ വളർത്തപ്പെട്ടവനുമായിരുന്നു. എന്നാൽ എല്ലാം തകർന്നവൻ ആയി, ഒരു അടിമയായി, അനാഥനായി ഈജിപ്റ്റിൽ എത്തുകയായിരുന്നു. ഒരു ചതിയിൽ അകപ്പെടുത്തിയാണ് ഇപ്പോൾ അവനെ ജയിലിൽ ഇട്ടിരിക്കുന്നത്. ജോസഫിന്റെ ബാല്യകാല പ്രാർത്ഥനയും, സ്വപ്നവും സാഫല്യം ആക്കുവാൻ സർവ്വശക്തൻ ഒരുക്കുന്ന അത്ഭുത ക്രമീകരണങ്ങൾ ഈ വേദഭാഗങ്ങളിൽ കാണാം. ഫറവോൻ ഒരു സ്വപ്നം കണ്ടതാണ് കാരണം.

അതിന്റെ അർത്ഥം അറിയാതെ ഭാരപ്പെട്ടിരുന്നപ്പോൾ, ജോസഫിന്റെ ദൈവീകതയെക്കുറിച്ച് കൊട്ടാരത്തിൽ അറിവ് കിട്ടുന്നു. ജയിലിൽ നിന്നും ജോസഫിനെ ഇറക്കി, തലമുടി വെട്ടിച്ച് മനോഹര വസ്ത്രം ധരിപ്പിച്ച് കൊട്ടാരത്തിൽ കൊണ്ടുവന്നു. ആത്മീയത കളയാതെ പ്രാർത്ഥനാ ജീവിതം സൂക്ഷിച്ച ജോസഫിനെ രാജ്യത്തിന് ആവശ്യമായി വന്നു. സാഹചര്യങ്ങൾ എത്രമോശമാണെങ്കിലും ആത്മീയത നഷ്ടപ്പെടുത്തരുത്, പ്രാർത്ഥനാ ജീവിതം സൂക്ഷിക്കണമെ.. നിന്നെ അന്വേഷിച്ച് ഉന്നതന്മാർ വരും... ആർക്കും ഉത്തരം ഇല്ലാത്ത വിഷയത്തിന് നീ ഒരു ഉത്തരം ആയി മാറും നിശ്ചയം ! ഇന്നും പ്രാർത്ഥനാ മനുഷ്യരെ രാഷ്ട്രങ്ങൾക്കു ആവശ്യമുണ്ട്.

**ആത്മീയത കളയാതെ പ്രാർത്ഥനാ ജീവിതം സൂക്ഷിച്ച ജോസഫിനെ രാജ്യത്തിന് ആവശ്യമായി വന്നു. സാഹചര്യങ്ങൾ എത്ര മോശമാണെങ്കിലും ആത്മീയത നഷ്ടപ്പെടുത്തരുത്, പ്രാർത്ഥനാ ജീവിതം സൂക്ഷിക്കണമെ.. നിന്നെ അന്വേഷിച്ച് ഉന്നതന്മാർ വരും**

സഭ പ്രതിസന്ധിയിൽ ആയപ്പോൾ പ്രാർത്ഥിക്കുവാൻ ഒരു ചെറിയ സംഘം തയ്യാറായി. ആ ചെറിയ സംഘത്തിൽ സഹോദരൻമാരുടെ ആരുടെയും പേരുകൾ കാണുന്നില്ല. ആ കൂട്ടായ്മ സഹോദരിമാരുടെ ആവാനാണ് സാധ്യത. അവർ ഒരുമയോടെ, ശ്രദ്ധയോടെ, പ്രാർത്ഥിച്ചു. പത്രോസ് അപ്പോസ്തലനെ തടവിൽ നിന്ന് മാത്രമല്ല, മരണത്തിൽ നിന്നും കർത്താവ് വിടുവിച്ചു. സഭാചരിത്രത്തിൽ ഇത്ര അത്ഭുതകരമായ ഒരു പ്രാർത്ഥന കാണുവാൻ പ്രയാസമാണ്. അവർ ആ വിഷയത്തിനു വേണ്ടി മാത്രം പ്രാർത്ഥിച്ചു, നിർത്താതെ പ്രാർത്ഥിച്ചു. പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ സ്വർഗ്ഗത്തിലെ ദൂതൻ അവിടെ ഇറങ്ങി നല്ല ഉറക്കത്തിലായിരുന്ന പത്രോസിനെ തട്ടി എഴുന്നേല്പിച്ചു. ചങ്ങല തനിയെ അഴിഞ്ഞുവീണു. പൂട്ടുകൾ ഓരോന്നോരോന്നായി തുറന്നു. പട്ടണത്തിലേക്കുള്ള ഇരുമ്പു വാതിൽ സ്വതവേ തുറന്നു. പത്രോസ് ഒരു സ്വപ്നം കാണുന്ന ലാഘവത്തോടെ ദൂതന്റെ പിന്നാലെ നടന്നു.

ജയിൽ അധികാരികളോ സഹതടവുകാരോ ഇതൊന്നും അറിഞ്ഞില്ല. പ്രാർത്ഥനാ മുറിയുടെ വാതിലിൽ മുട്ടുമ്പോൾ ആണ് പ്രാർത്ഥിച്ചിരുന്നവർ പോലും അറിയുന്നത്. പ്രാർത്ഥിച്ചു കൊണ്ടിരുന്നവർക്കുപോലും അവിശ്വസനീയമായി തോന്നത്തക്കവണ്ണം അത്ര പെട്ടെന്നും അത്ഭുതകരവുമായി ദൈവം മറുപടി നൽകി. ഇന്നത്തെ സഭയ്ക്കും ഇതുപോലെയുള്ള പ്രാർത്ഥനക്കാരെ ആവശ്യമുണ്ട്. സ്വന്തംപേരിനോ, മഹിമക്കോ അല്ല ദൈവനാമ മഹത്വത്തിനായി പ്രാർത്ഥിക്കുന്നവരെ (അപ്പോസ്തല പ്രവർത്തി 12:1–5). ●

കെ. വി. ആർ

# ഒരു രാജകീയ ആഹ്വാനം

***അനന്തരം ഞാൻ ആരെ അയക്കേണ്ടു, ആർ നമുക്ക് വേണ്ടി പോകും എന്ന് ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ട് : അടിയൻ ഇതാ, അടിയനെ അയക്കേണമേ എന്ന് ഞാൻ പറഞ്ഞു. (യെശയ്യാ 6:8)***

നൂറ്റാണ്ടുകൾക്കപ്പുറത്തു ആമോസിന്റെ മകനായ യെശയ്യാ പ്രവാചകൻ ഉയർന്നും പൊങ്ങിയും ഉള്ള സിംഹാസനത്തിനു മുൻപാകെ, വിറയ്ക്കുന്ന ശബ്ദത്തോടെ, തപിക്കുന്ന ഹൃദയത്തോടെ, തൽഫലമായി ലഭിച്ച പാപപരിഹാരത്തിന്റെ പ്രാഗത്ഭ്യത്തോടെ നിൽക്കുമ്പോൾ സിംഹാസനത്തിൽ നിന്നും ഉയർന്നു കേട്ട നിയോഗത്തിനായുള്ള ആഹ്വാനം 'ഞാൻ ആരെ അയക്കേണ്ടു, ആർ നമുക്ക് വേണ്ടി പോകും?' എന്നായിരുന്നു.

'കൊയ്ത്തു വളരെ ഉണ്ട് വേലക്കാരോ ചുരുക്കം.' വേല വലുതും വിശാലവും ആയതിനാൽ ഇന്നും കർത്താവിനു വേണ്ടി പോകുവാൻ തയ്യാറുള്ളവർക്കു മുമ്പിൽ ഇതേ ചോദ്യം ആവർത്തിക്കപ്പെടുന്നു. ഉത്തരത്തിനായി കാതോർക്കുന്ന ഉയരത്തിലെ സിംഹാസനം, ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനം, ദർശിപ്പാൻ കഴിഞ്ഞാൽ ഉത്തരം കൊടുക്കാൻ വൈകേണ്ടതില്ല. കാരണം സമർപ്പണമുള്ള വേലക്കാരുടെ ദൗർലഭ്യം കളപ്പുരകളെ ശുഷ്കമാക്കുന്നു.

പലരും വേദപാഠശാലകളുടെ മാത്രം വിളി കേട്ട് ഉത്തരം കൊടുത്തു യോഗ്യതയും പേറി 'നിയമനത്തിനായി' ഭൂമിയിലെ സിംഹാസനങ്ങൾക്കു മുമ്പിൽ കാതോർത്തു നിൽക്കുമ്പോൾ ഉയരത്തിൽ നിന്നും നിയോഗത്തിനായുള്ള ആഹ്വാനം മാറ്റൊലിക്കൊള്ളുന്നു. ആർ നമുക്ക് വേണ്ടി പോകും. അതെ, ആരുണ്ട് ദൈവത്തിനായി മാത്രം പോകാൻ, അഹോവൃത്തിക്കുള്ള ആദായമാർഗമായിട്ടല്ല, അയച്ചവന്റെ ആജ്ഞ അവസാനത്തോളം അനുസരിക്കുവാനുള്ള ആവേശവുമായി.

അയയ്ക്കപ്പെടുക എന്നതിന് ഏറെ പ്രാധാന്യമുണ്ട്. ദൈവം അയച്ചിട്ട് ഒരു മനുഷ്യൻ വന്നു. അവനു യോഹന്നാൻ എന്ന് പേര്, എന്നത്രെ യോഹന്നാൻ സ്നാപകനെക്കുറിച്ചു പറയുന്നത്. രക്ഷയ്ക്കായി വിളിച്ചപേക്ഷിപ്പാനുള്ള നാമത്തെ പ്രസംഗിക്കുക എന്നത് വിളിക്കപ്പെട്ടവരുടെ ദൗത്യമായി പൗലോസ് പറയുമ്പോൾ ഇങ്ങനെ തുടരുന്നു,... ആരും

**ഇതേ ചോദ്യം ആവർത്തിക്കപ്പെടുന്നു. ഉത്തരത്തിനായി കാതോർക്കുന്ന ഉയരത്തിലെ സിംഹാസനം, ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനം, ദർശിപ്പാൻ കഴിഞ്ഞാൽ ഉത്തരം കൊടുക്കാൻ വൈകേണ്ടതില്ല. കാരണം സമർപ്പണമുള്ള വേലക്കാരുടെ ദൗർലഭ്യം കളപ്പുരകളെ ശുഷ്കമാക്കുന്നു.**

അയക്കാതെ എങ്ങനെ പ്രസംഗിക്കും. ദൈവത്താൽ അയയ്ക്കപ്പെട്ടവൻ അയച്ചവനു വേണ്ടി അയച്ചവന്റെ ശുശ്രൂഷ ആവോളം ചെയ്തതിന്റെ ചരിത്രം വിശുദ്ധ ഗ്രന്ഥത്തിൽ ഉണ്ട്. എന്നാൽ അയയ്ക്കപ്പെടാതെ പോയി വിജയിക്കാതെ മടങ്ങിയവരും വിരളമല്ല.

ദൈവത്താൽ അയക്കപ്പെടുവാൻ ദൈവീക മാനദണ്ഡങ്ങൾ അളവുകോലായി ഉണ്ട്. യാഗപീഠത്തിൽ നിന്ന് എടുത്ത തീക്കനലിനാൽ അധരശുദ്ധിയും ആകമാന വിശുദ്ധിയും പ്രാപിക്കുവാൻ തക്കവണ്ണം സമർപ്പണവും അനുതാപവും കൂടിയേ തീരു. വിളികേട്ട് അടുത്ത് വന്നവരെ അവൻ നിയോഗിച്ചു. പക്ഷെ പലരും പോയത് അവനു വേണ്ടി ആയിരുന്നെങ്കിലും വേല ചെയ്തതും കൊയ്തുകൂട്ടിയതും അവരവർക്കു വേണ്ടി ആയിരുന്നു. ശപഥാർപ്പിതമായിരിക്കേണ്ടത് കൂടാരത്തിനുള്ളിൽ കുഴിച്ചിട്ടിരിക്കുമ്പോൾ, ആടുകളുടെ കരച്ചിലും കാളകളുടെ മുക്രയും, അഭിഷിക്തരുടെ അരമനകളിൽ ന്യായവിധിയുടെ ശബ്ദം ഉയർത്തുമ്പോൾ കർത്താവു ഇന്നും ചോദിക്കുന്നു 'ആർ നമുക്ക് വേണ്ടി പോകും?'

കൊയ്ത്തിനായി വിളഞ്ഞിരിക്കുന്ന വയലുകൾ വേലക്കാർക്കു വേണ്ടി ദാഹിക്കുമ്പോൾ, കൊയ്ത്തിന്റെ ഉടമസ്ഥൻ വേലക്കാർക്കു വേണ്ടി ആഹ്വാനം ഉയർത്തുമ്പോൾ, സ്വയം കാണുവാനും സ്വയത്തെ മറക്കുവാനും, സ്വർഗ്ഗത്തെ ദർശിക്കാനും കഴിയുന്നവർ ഒരുപോലെ പ്രതിവചിക്കട്ടെ, 'അടിയൻ ഇതാ അടിയനെ അയക്കേണമേ'

ഗലീലക്കടലിന്റെ ആഴത്തിൽ നിന്നും മൽസ്യബന്ധനം നടത്തി അതിനാൽ ഉപജീവിച്ചു പോന്ന ചിലരെ യേശു വിളിച്ചു, 'എന്നെ അനുഗമിപ്പിൻ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും' (മർക്കോസ് 1 :17). യേശുവിനെ പിൻഗമിക്കുന്നതായിരിക്കയില്ലേ ഉപജീവനത്തിന് മൽസ്യബന്ധനത്തെക്കാൾ ആദായകരം എന്ന ചിന്തയിലല്ല പത്രോസും മറ്റു പലരും യേശുവിനെ അനുഗമിച്ചതു. ഈ ആഹ്വാനത്തെ ചെവിക്കൊണ്ട അനേകർ ഇന്നും തങ്ങളുടെ ഉപജീവനോപാധികളെല്ലാം വിട്ടൊഴിഞ്ഞു യേശുവിനെ അനുഗമിച്ചുകൊണ്ടിരിക്കുന്നു. ഒന്നാം നൂറ്റാണ്ടിൽ തന്നെ അനേകർ അവരാൽ പിടിക്കപ്പെട്ടു. ഇങ്ങനെ പിടിക്കപ്പെട്ടവരും മനുഷ്യരെ പിടിക്കുവാനുള്ള ഈ ദൗത്യം ഉയരത്തിൽ നിന്നും ഏറ്റുവാങ്ങി പ്രവർത്തനം തുടർന്ന് പോന്നു. തലമുറകളായി ഇങ്ങനെ വിളിക്കപ്പെടുന്നവർ ഇതേ ദൗത്യം തുടർന്ന് പോരുന്നതിനാൽ ഇരുപത്തിഒന്നാം നൂറ്റാണ്ടിലും ഈ ശുശ്രൂഷ തുടർന്ന് വരുന്നു.

**കൊയ്ത്തിനായി വിളഞ്ഞിരിക്കുന്ന വയലുകൾ വേലക്കാർക്കുവേണ്ടി ദാഹിക്കുമ്പോൾ,കൊയ്ത്തിന്റെ ഉടമസ്ഥൻ വേലക്കാർക്കു വേണ്ടി ആഹ്വാനം ഉയർത്തുമ്പോൾ, സ്വയം കാണുവാനും സ്വയത്തെ മറക്കുവാനും, സ്വർഗ്ഗത്തെ ദർശിക്കാനും കഴിയുന്നവർ ഒരുപോലെ പ്രതിവചിക്കട്ടെ, 'അടിയൻ ഇതാ അടിയനെ അയക്കേണമേ'**

വിശാലമായ ആഴിപ്പരപ്പിൽ നിന്നും മീൻ പിടിക്കുന്ന മുക്കുവനു മൽസ്യബന്ധനത്തിനുള്ള നിരവധി ഉപാധികൾ നല്ല വശമാണ്. ആഴത്തിൽ വലയിറക്കി മീൻപിടിക്കുന്ന പത്രോസ് തന്നെ നികുതി കൊടുക്കുവാൻ നേരം, ചൂണ്ടലുമായി മത്സ്യത്തെ തേടിപ്പോയി. മറ്റു പല മാർഗ്ഗങ്ങളും മീൻ പിടുത്തത്തിന് അവലംബിക്കാം. എന്നാൽ യേശുവിന്റെ വിളി കേട്ട് മനുഷ്യരെ പിടിക്കുവാൻ പുറപ്പെട്ടിരിക്കുന്നവർക്ക് മുൻപിൽ ഒരേയൊരു മാർഗ്ഗം മാത്രം. കറപുരളാത്ത അഥവാ മായമില്ലാത്ത സുവിശേഷം ദൈവീക അധികാരത്തോടെ ഉത്ഘോഷിച്ചു മനുഷ്യരെ പിടിക്കുക. വിളിക്കപ്പെടുന്നതിനു മുമ്പേ ചെയ്തു പോന്ന മുൻകാല തൊഴിലുകളുടെ പരിചയത്തെ അടിസ്ഥാനമാക്കി ചിലർ ഇവിടെയും കുതന്ത്രങ്ങളെ പയറ്റി നോക്കാറുണ്ട്.

യേശുവിനെ അനുഗമിച്ചു മനുഷ്യരെ പിടിക്കുവാൻ ആഗ്രഹിക്കുന്നവർ യേശു കാണിച്ച മാതൃകപ്രകാരവും താൻ ഭരമേല്പിച്ച വിധത്തിലും മാത്രം പ്രവർത്തിക്കേണ്ടതുണ്ട്. പിതാവിങ്കൽ നിന്നും അധികാരം പ്രാപിച്ച് ഈ അധികാരത്തിൽ മാത്രം ശുശ്രൂഷ തികച്ച യേശു തന്റെ ശിഷ്യന്മാരെ അയക്കുമ്പോൾ അവർക്കും അധികാരം നൽകിയാണ് പറഞ്ഞയച്ചത് (മത്തായി 10:1). ദൈവീക അധികാരത്തോടെ അവർ ചെന്നെടത്തൊക്കെയും രോഗികൾ സൗഖ്യമാവുകയും ഭൂതങ്ങൾ വിട്ടു പോവുകയും ചെയ്തു. അനവധി വീര്യപ്രവർത്തികൾ നടന്നു. ദൈവരാജ്യം പ്രസംഗിക്കപ്പെട്ടു. ദൈവവചനത്തിൽ ആകൃഷ്ടരായി അനേകർ പിടിക്കപ്പെട്ടു. ഇന്നും ഈ സ്വർഗീയ അധികാരത്തിന്റെ ശുശ്രൂഷ മാത്രമാണ്

മനുഷ്യരെ പിടിക്കുവാൻ ദൈവഹിത പ്രകാരമുള്ള ഏക ഉപാധി. ഈ സ്വർഗീയ അധികാരം സ്വന്ത ഹിത പ്രകാരം പ്രയോഗിക്കുന്നതിൽ പരാജയപ്പെടുമ്പോളാണ് ചിലർ മറ്റു തന്ത്രങ്ങളെ പരീക്ഷിക്കുന്നത്. മുഖസ്തുതി, പ്രലോഭനം, പ്രീണനം, വാഗ്ദാനങ്ങൾ, ഇങ്ങനെ പലതും ഈ പട്ടികയിൽ പെട്ടു കഴിഞ്ഞു. എന്നാൽ വചനപ്രകാരം ഈ ജീവിതത്തിലെ കാര്യസാധ്യത്തിനു വേണ്ടി മാത്രമാണ് ഒരുവൻ ക്രിസ്തുവിൽ പ്രത്യാശ വയ്ക്കുന്നതെങ്കിൽ അവൻ സകല മനുഷ്യരിലും ഏറ്റവും അരിഷ്ടനാണ് എന്ന് കാണുന്നു (1 കൊരിന്ത്യർ 15:19). അനധികൃതമായി കടന്നു വരുന്ന അനീതിയുള്ള മാമോന്റെ അതിപ്രസരം ഈ മേഖലയെ ഏറെ മലീമസമാക്കുന്നു.

അനന്തമായ ആഴിപ്പരപ്പിൽ മീൻ പിടിക്കുന്ന മുക്കുവർ ഒരിക്കൽ പോലും മറ്റൊരു രാജ്യത്തിന്റെ സമുദ്ര അതിർത്തിയിൽ വലവീശി പരാക്രമം കാണിക്കുന്നതായി കേട്ടിട്ടില്ല. മനുഷ്യനെ പിടിക്കുന്നതിനായി വിശാലമായ ജനമഹാസമുദ്രം നിലനിൽക്കെ, ഈ ഉദ്യമവുമായി ആരും തന്നെ കടന്നു ചെന്നിട്ടില്ലാത്ത കടൽക്കോണുകൾ ഇനിയും ശേഷിച്ചിരിക്കെ, കൂട്ടുകാരന്റെ പടകിൽ കണ്ണും നട്ടു പ്രലോഭനങ്ങളുമായി നടക്കുന്ന കപട വേലക്കാരുടെ കണ്ണ് തുറന്നിരുന്നെങ്കിൽ എന്ന് ആശിക്കുന്നു.

ക്രിസ്തുവിനെക്കുറിച്ചു അറിഞ്ഞിട്ടില്ലാത്ത ഇടത്തു സുവിശേഷം പ്രസംഗിക്കണം എന്നായിരുന്നു പൗലോസിന്റെ ആഗ്രഹം. ക്രിസ്തുവിനെക്കുറിച്ചു ഒരിക്കലും അറിവ് ലഭിച്ചിട്ടില്ലാത്തവർ അവനെ കാണും, കേട്ടിട്ടില്ലാത്തവർ ഗ്രഹിക്കും എന്ന് യെശയ്യാവ് 52:15 എഴുതപ്പെട്ടിരിക്കുന്ന വേദഭാഗം ഉദ്ധരിച്ചുകൊണ്ട് അപ്പോസ്തോലനായ പൗലോസ് റോമർ 15:20,21 ൽ പറഞ്ഞിരിക്കുന്നു. പൗലോസ് കാണിച്ചു തന്ന മഹത്തായ ഈ മാതൃക പിന്തുടരുവാൻ ഇന്നും മനുഷ്യരെ പിടിക്കുന്നവർ ശ്രദ്ധിച്ചിരുന്നു എങ്കിൽ എത്രയോ ഉദാത്തമായിരുന്നു. •




## ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ

***1. പ്രതിദിന ധ്യാന പുസ്തകം - പാതയ്ക്കു പ്രകാശം***
പുതുവർഷത്തിലെ ഓരോ ദിവസവും സമഗ്രമായ വചന ധ്യാനത്തോടെ തുടങ്ങുവാൻ ആത്മപ്രചോദിതമായ ചിന്തകൾ.

***2. സുരഭില ഭവനം***
അനുഗ്രഹീത കുടുംബ ജീവിതത്തിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ തിരുവചനാടിസ്ഥാനത്തിൽ വിശദമാക്കുന്ന പുസ്തകം. (വിവാഹവേളകളിൽ സമ്മാനിച്ചാൽ പ്രയോജനപ്രദം)

***3. അത്ഭുതത്തിലേയ്ക്ക് ഏഴു ചുവടുകൾ***
പ്രതിസന്ധികളും പ്രശ്നങ്ങളും നിറഞ്ഞ മനുഷ്യജീവിതത്തിന് ദൈവം നല്കിയിരിക്കുന്ന പരിഹാരം ഫലപ്രദമായി വിശദീകരിച്ചിരിക്കുന്ന പുസ്തകം. (ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാണ്)

***4. ചതുർ മഹതികൾ***
വേദപുസ്തക ചരിത്രത്തിന്റെ പ്രാരംഭത്തിൽ പരാമർശിച്ചിരിക്കുന്ന നാലു മഹതികളുടെ ജീവിതം ആധുനിക വനിതകൾക്കുള്ള പാഠങ്ങളാക്കി അവതരിപ്പിച്ചിരിക്കുന്ന പുസ്തകം

**പുസ്തകങ്ങൾ ആവശ്യമുള്ളവർ നേർവീഥി ഓഫിസിൽ ബന്ധപ്പെടുക.**
**Mob: 9495 435 336, 8547916678**

**റോമാലേഖന പഠനം - 33**



**ചെയ്സ് ജോസഫ്**

# ക്രിസ്തു എന്ന പകരക്കാരൻ

**റോമാ** ലേഖനം ഏഴാം അധ്യായം ഒരു നെടുവീർപ്പോടു കൂടി ആണ് അവസാനിക്കുന്നത്. നമ്മെ ഒരിക്കലും നീതിമാന്മാർ ആക്കി മാറ്റാൻ സഹകരിക്കാതെ പാപത്തിന്റെ അടിമത്തത്തിൽ നമ്മെ തളച്ചിടുന്ന പാപ പ്രകൃതത്തെ കുറിച്ചുള്ള വിവരണം ആയിരുന്നു അത്. എന്ത്കൊണ്ടാണ് ന്യായപ്രമാണത്തിനു നമ്മെ രക്ഷിക്കാൻ കഴിയാതെ പോയത്? അത് ന്യായപ്രമാണം എന്തെങ്കിലും തരത്തിൽ മോശമായിരുന്നത് കൊണ്ടോ ബലഹീനമായതു കൊണ്ടോ അല്ല, പിന്നെയോ, മനുഷ്യന്റെ ജഡശരീരങ്ങളുടെ ബലഹീനതകൊണ്ടായിരുന്നു. ജഡത്താലുള്ള ബലഹീനത നമ്മെ ദൈവ നീതി സംബന്ധിച്ച് നിസ്സഹായർ ആക്കി. അത് കൊണ്ട് ന്യായപ്രമാണം നമുക്ക് നമ്മുടെ പാപങ്ങൾ എത്ര ആഴമേറിയതു എന്നാണ് കാണിച്ചു തന്നത്. നാമെല്ലാം പാടാറുള്ള ഒരു പഴയ ക്രിസ്തീയ ഗാനത്തിന്റെ ഒരു ചരണം ഇങ്ങനെ ആണ്:

*കല്പന കാത്തിടുവാൻ, ഒട്ടും പ്രാപ്തനല്ല ഞാൻ*

*വൈരാഗ്യം ഏറിയാലും,കണ്ണുനീർ ചൊരിഞ്ഞാലും*

*വന്നിടാ പാപനാശം, നീ താൻ രക്ഷിക്ക വേണം*

ഇതേ വരികൾ ഇംഗ്ലീഷിൽ പാടുമ്പോൾ, അതിന്റെ രണ്ടാമത്തെ വരിയിൽ ഇങ്ങനെ ആണ്:

Could my zeal no respite know, Could my tears forever flow, Nothing for my sins atone!

അതായത് എത്ര ശക്തിയായി നാം അധ്വാനിച്ചാലും, എത്ര മാത്രം നാം കണ്ണീർ ഒഴുക്കിയാലും പാപത്തിൽ നിന്ന് രക്ഷപെടാൻ നമ്മുടെ സ്വയത്തിനു കഴിവില്ല എന്ന് ഈ പാട്ടു നമ്മെ ഓർമ്മിപ്പിക്കുന്നു.

റോമാ ലേഖനം ഏഴാം അധ്യായത്തിൽ നാം മനസ്സിലാക്കിയ അടിമത്തത്തിൽ നിന്ന് എങ്ങനെ ആണ് നമ്മുടെ പ്രായോഗിക ജീവിതത്തിൽ നാം രക്ഷ അനുഭവിക്കേണ്ടത് എന്ന് എട്ടാം അധ്യായം വ്യക്തമാക്കുന്നു. ക്രിസ്തു യേശുവിലുള്ളവർക്കു ഒരു ശിക്ഷ വിധിയും ഇല്ല എന്ന് പറഞ്ഞു കൊണ്ടാണ് എട്ടാം അധ്യായം ആരംഭിക്കുന്നത്. എന്തുകൊണ്ടാണ് നമുക്ക് ശിക്ഷാവിധി ഇല്ലാത്തത്? നാം എല്ലാം സ്വയം രക്ഷപെടാൻ കഴിയാത്ത ഒരു കുഴിയിൽ ആയിരുന്നിട്ടും നാം എങ്ങനെ ആണ് ശിക്ഷാവിധിയിൽ നിന്ന് രക്ഷപെട്ടത്?

***ഈ അതിശയകരമായ രക്ഷയെ കുറിച്ചാണ് ഇനി നാം കാണാൻ പോകുന്നത്:***

രണ്ടാം വാക്യം പറയുന്നു. നമ്മെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് രക്ഷിച്ചത്, ജീവന്റെ ആത്മാവിന്റെ പ്രമാണം ആണ്. അതായത് പഴയതു പോലെ അല്ലാത്ത ഒരു പ്രമാണം. ജീവൻ തരുന്ന ഒരു പ്രമാണം നമുക്ക് നൽകപ്പെട്ടിരിക്കുന്നു. ഈ പ്രമാണം നമ്മുടെ പഴയ പാപ ജഡത്തെ നന്നാക്കുകയല്ല, പ്രത്യുത, അതിനെ നീക്കം ചെയ്തു, പരിശുദ്ധാത്മാവിന്റെ പ്രമാണം നമുക്ക് നൽകുകയാണ് ചെയ്യുന്നത്.

പാപത്തിന്റെയും മരണത്തിന്റെയും പ്രമാണം എന്ന് ഉദ്ദേശിക്കുന്നതും, ദൈവം നമുക്ക് തന്ന ഒരു ആത്മീക പ്രമാണം തന്നെ ആണ്. പക്ഷെ ആ പ്രമാണം നമ്മെ പാപികൾ എന്ന് വിധിക്കുകയും, മരണം എന്ന യാഥാർഥ്യത്തിലേക്ക് തള്ളിയിടുകയും ആണ് ചെയ്തത്. നമ്മുടെ ശരീരങ്ങൾക്കുള്ള അടിമത്തത്തിൽ നിന്ന് നമ്മെ രക്ഷിക്കുവാൻ ആ പ്രമാണം മതിയാവുമായിരുന്നില്ല. എന്നാൽ ജീവന്റെ ആത്മാവിന്റെ, അഥവാ പരിശു

ദ്ധാത്മാവിന്റെ പ്രമാണം നമുക്ക് ലഭിച്ചത് ദൈവത്തിന്റെ ആത്മാവ് അതായതു പരിശുദ്ധാത്മാവ് നമ്മിൽ വാസംചെയ്തപ്പോൾ ആണ് (റോമർ 8:2).

എന്താണ് ജീവന്റെ ആത്മാവിന്റെ പ്രമാണം നമുക്ക് നൽകിയത്? ഒന്നാമതായി നീതിയുടെ ഡിമാൻഡ് മനുഷ്യരുടെ ജഡത്തിന്റെ സങ്കൽപ്പത്തിന് മുകളിലേക്ക് ഉയർത്തി എന്നതാണ്. അതായതു സ്വാഭാവിക മാനുഷിക ശക്തിക്കു അപ്പുറത്തേയ്ക്ക് പുതിയ നിയമത്തിന്റെ നീതി ഉയർത്തപ്പെട്ടിരിക്കുന്നു. ഇത് വളരെ അസ്വാഭാവികമായ ഒരു കാര്യമായി നമുക്ക് തോന്നാം. എന്നാൽ ദൈവം എന്താണ് ചെയ്തത്. നമുക്ക് സാധിക്കുന്നില്ല എന്ന കാരണത്താൽ നീതിയുടെ ബാർ (നിലവാരം) താഴ്ത്തുക എന്നതാണ് നമുക്ക്തോന്നാവുന്ന ഒരു പരിഹാരം. എന്നാൽ കർത്താവു ചെയ്തത് മനുഷ്യന് ചിന്തിക്കാൻ പോലും കഴിയാത്ത ഒരു കാര്യം ആണ്.

നമുക്ക് കഴിയാത്ത ഒരു തലത്തിലേക്ക് നീതിയെ ദൈവം ഉയർത്തി. അത് സ്വന്ത നീതിയിൽ അഹങ്കരിച്ചിരുന്ന പരീശർക്കും നിയമ വ്യാഖ്യാതാക്കൾക്കും ഒരു പ്രഹരമായിരുന്നു. അവർക്കു എത്തിപ്പിടിക്കാൻ കഴിയാത്ത ദൈവീക നീതി അവരെ നിസ്സഹായരാക്കി മാറ്റി. ഇങ്ങനെ ഒരു വഴിയാണ് ദൈവം നമുക്കായി കരുതിയത്. ലോകത്തിലുള്ള ബുദ്ധിമാന്മാർക്കോ ജ്ഞാനികൾക്കോ മനസ്സിലാകുന്നത് ആയിരുന്നില്ല. എങ്ങനെയാണ് ഒരു കാര്യം ദുഷ്കരമാക്കുന്നതിലൂടെ അത് സാധ്യമാക്കുന്നത്. എന്തിനാണ് ഇങ്ങനെ ഒരു വഴി?

ഈ ചോദ്യങ്ങളുടെ ഉത്തരം ആണ് സുവിശേഷം. കാരണം നമ്മൾ പാപത്തിൽ നിന്ന് മാത്രമല്ല, സ്വയ പ്രവൃത്തികൾ ഉളവാക്കുന്ന സ്വയ നീതിയിൽ നിന്നും രക്ഷപെടേണ്ടത് ആവശ്യമായിരുന്നു. അത് കൊണ്ട് തന്റേതല്ലാത്ത നീതി കൃപാദാനമായി അനുഭവിക്കുക എന്ന ദൈവോദ്ദേശ്യം നിറവേറപ്പെടുകയാണ്.

മൂന്നും നാലും വാക്യങ്ങൾ നാംനോക്കുമ്പോൾ ജഡത്തിന്റെ ബലഹീനത നിമിത്തം ആണ് ന്യായപ്രമാണം നിറവേറാതെ പോയത് എന്ന് വ്യക്തമാക്കപ്പെടുന്നു. അത് കൊണ്ട് നാം രക്ഷ നേടേണ്ടത് നമ്മുടെ തന്നെ ശരീരത്തിന്റെ ബലഹീനതകളിൽ നിന്നാണ്. അത് ദൈവം സാധിപ്പിക്കുന്നത് തന്റെ പുത്രനിൽ കൂടെ ആണ്.

ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു സാധിക്കാത്തതിനെ സാധിപ്പിക്കാൻ ദൈവം തന്റെ പുത്രനെ പാപ ജഡത്തിന്റെ സദൃശത്തിലും പാപം നിമിത്തവും അയച്ചു.നമുക്കു തന്നെ നമ്മെ രക്ഷിക്കുവാൻ സാധിക്കുകയില്ലായിരുന്നു. യേശു ക്രിസ്തു ഈ ലോകത്തേയ്ക്ക് വരുന്നത് നമ്മുടെ പാപങ്ങൾക്ക് പരിഹാരം വരുത്തുവാൻ മാത്രമല്ല, നമ്മെ നീതിമാന്മാരും ദൈവ മക്കളും ആക്കേണ്ടതിനും കൂടെ ആണ്.


പാപ ജഡത്തിന്റെ സാദൃശ്യം എന്നത് കൊണ്ട് നാം എന്താണ് മനസ്സിലാക്കുന്നത്? പാപജഡത്തിൽ കർത്താവു വന്നു എന്ന് നാം ചിന്തിക്കരുത്. അത് പാപ ജഡത്തിന്റെ സാദൃശ്യം ആയിരുന്നു. പൂർണ മനുഷ്യൻ തന്നെ ആയിരുന്നു കർത്താവു, എന്നാൽ കർത്താവിന്റെ ശരീരത്തിൽ പാപം ഉണ്ടായിരുന്നില്ല. ചിലർ കർത്താവിനെക്കുറിച്ച് പറയുമ്പോൾ അവൻ പാപം ചെയ്തില്ല എന്ന് പറയാറുണ്ട്. അത് ശരിയാണ് താനും. എന്നാൽ അത് പാപ ചിന്ത ഉള്ളിൽ വന്നിട്ടും, ദൈവ ഹിതത്തിനെതിരെ പ്രവർത്തിക്കാൻ മനസ്സിൽ ആലോചന വന്നിട്ടും അത് വേണ്ട എന്ന് വച്ചിട്ട് അനുസരിച്ചു എന്ന് പറയരുത്. കർത്താവു ചിന്തകളിൽ പോലും പിതാവിന്റെ ഹിതത്തിനെതിരെ ആലോചിട്ടില്ല എന്നാണ് നാം അർത്ഥമാക്കേണ്ടത്. അതായത് യേശുക്രിസ്തുവിൽ പാപം ആലോചിക്കാനോ പ്രവർത്തിക്കാനോ ഉള്ള പ്രവണത പോലും ഇല്ലായിരുന്നു. പക്ഷെ കർത്താവു നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടു.എല്ലാ അർത്ഥത്തിലും പരീക്ഷിതനായി. ഉള്ളിൽ പാപ പ്രവണത ഇല്ലാത്ത ഒരാൾ എങ്ങനെയാണ് പ്രലോഭിപ്പിക്കപ്പെടുന്നത്? യേശു കർത്താവു അനുഭവിച്ച പ്രലോഭനങ്ങൾ ഏതു അർത്ഥത്തിൽ ഉള്ളതായിരുന്നു?

പാപ ജഡം ഇല്ലാതെ തന്നെ യേശുക്രിസ്തു നമുക്ക് പകരക്കാരൻ ആയി പരീക്ഷിക്കപ്പെട്ടു. എന്നാൽ ഓരോ സമയവും പരീക്ഷകൻ അവന്റെ അടുത്ത് വരികയായിരുന്നു. നമ്മെ പോലെ ആന്തരികമായ പ്രവണതകളാലല്ല യേശു ക്രിസ്തു പരീക്ഷിക്കപ്പെട്ടത്. അത് എപ്പോഴും പുറമെ നിന്നുള്ളതായിരുന്നു, നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടു എന്നു പറയുമ്പോൾ എല്ലാ അർത്ഥത്തിലും നാം പരീക്ഷിക്കപ്പെട്ട അത്രയും അളവിൽ എന്ന് പറഞ്ഞു കൂടാ. കാരണം യേശുക്രിസ്തു ഓരോ പരീക്ഷണങ്ങളെയും പ്രാണത്യാഗത്തോളം ആണ് എതിർത്ത് നിന്നത്. നാം

ശേഷം പേജ 28 ▶



ഡോ. സജികുമാർ കെ. പി.



# അതിജീവനമെന്ന വിജയരഹസ്യം

ജീവിതത്തിൽ നമുക്ക് ലഭ്യമായിരിക്കുന്ന എല്ലാ സാധ്യതകളെയും സാഹചര്യങ്ങളെയും വിശകലനം ചെയ്താൽ നമുക്കെല്ലാം അനവധി പോരായ്മകൾ കാണും എന്നതിനു രണ്ടു പക്ഷമില്ല. ചിലർ അവരെ മറ്റുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ, മറ്റുള്ളവരെപ്പോലെ പഠിക്കുവാനുള്ള ബുദ്ധിശക്തി ഇല്ല, കഴിവില്ല, ആരോഗ്യമില്ല, സമ്പത്ത് ഇല്ല, ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത കുറവുകൾ പറഞ്ഞു കേൾക്കാറുണ്ട്. നാം അഭിമുഖീകരിക്കുന്ന ബലഹീനതയും ഇല്ലായ്മയും വലുതാണോ, ചെറുതാണോ, എന്ന് തീരുമാനിക്കുന്നത്, അതിന് കൊടുക്കുന്ന പ്രാധാന്യത എത്രയുണ്ട് എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ്. ചിലർ ജീവിതം മുഴുവൻ ഇല്ലായ്മകളെ നോക്കി നെടുവീർപ്പിട്ടും പരിതപിച്ചും പിറുപിറുത്തും ജീവിക്കുമ്പോൾ, മറ്റു ചിലർ അതിൽ നിന്ന് വ്യത്യസ്തരായി ക്രിയാത്മകമായി ജീവിതത്തെ രൂപപ്പെടുത്തിയെടുക്കുന്നു. അവരുടെ വിജയരഹസ്യത്തിന്റെ പേരാണ് അതിജീവനം.

അങ്ങനെയുള്ള ചില അതിജീവനത്തിന്റെ കഥകൾ നോക്കാം...

1. **നിക്കോളാസ് ജയിംസ്:** ഓസ്ട്രിയായിൽ നിന്നുള്ള ഒരു ക്രിസ്തീയ സുവിശേഷകൻ ആണ് നിക്കോളാസ് ജയിംസ് (Nick). ഇന്ന് ലോകത്താകമാനം അറിയപ്പെടുന്ന വിധത്തിൽ ആയിരക്കണക്കിനാളുകൾക്ക് ജീവിക്കുവാനുള്ള പ്രതീക്ഷയും പ്രോത്സാഹനവും നൽകിക്കൊണ്ട്, രാജ്യങ്ങളിൽ നിന്ന് രാജ്യങ്ങളിലേക്ക് സഞ്ചരിക്കുന്ന ഈ മനുഷ്യൻ 1982 ഡിസംബർ നാലാം തീയതി ജനിച്ചു. ജനിച്ചത് രണ്ടു കയ്യും രണ്ടു കാലും ഇല്ലാതെ Tetra-amelia syndrome എന്ന അവസ്ഥയിലായിരുന്നു! ഇന്ന് അദ്ദേഹം അഞ്ച് വൻകരകളിലായി 60 രാജ്യങ്ങളിൽ 30 ലക്ഷത്തിലധികം ആളുകളെ അഭിസംബോധന ചെയ്തുകഴിഞ്ഞു.

നിക്കിന്റെ ജനനശേഷം, നിക്കിന്റെ അമ്മ എന്നും തന്നോട് പറഞ്ഞു കൊടുത്തിരുന്ന ഒരു വാചകം ഇങ്ങനെയായിരുന്നു, മോനെ, ഇനിയുള്ള ജീവിതത്തിൽ നിന്റെ മുമ്പിൽ 2 സാധ്യതകളുണ്ട്. ഒന്നുകിൽ നിന്റെ ഇല്ലായ്മകളെ പഴിച്ചുകൊണ്ട്, ഇനിയുള്ള ജീവിതം മുഴുവൻ ദു:ഖിച്ചും പരിതപിച്ചും കഴിയാം. അല്ലെങ്കിൽ നിനക്ക് ഉള്ളതിനെ ഓർത്ത് സന്തോഷിച്ചു കൊണ്ട് ജീവിക്കാം. ഇല്ലായ്മയുടെ ലിസ്റ്റ് വലുതായിരുന്നു, എങ്കിലും ഉള്ളതിനെ കണ്ടെത്തി അതിൽ ഇനിയും സന്തോഷിക്കുവാൻ ആയിരുന്നു അദ്ദേഹത്തിന്റെ തീരുമാനം. അവിടെയാണ് നിക്കിന്റെ അതിജീവനം ആരംഭിച്ചത്. ഇന്ന് പ്രതീക്ഷയും ആത്മവിശ്വാസവും ലക്ഷക്കണക്കിന് ആളുകളിലേക്ക് പകർന്നുനൽകുന്ന അനുഗ്രഹീത പ്രഭാഷകനാണ് അദ്ദേഹം.

2. **സ്റ്റീഫൻ ഹോക്കിങ്:** ജനിച്ചത് 1942 ജനുവരി എട്ടാം തീയതി ആയിരുന്നു. അതിപ്രശസ്തമായ ഒരു പശ്ചാത്തലത്തിൽ സാമാന്യം നല്ല സാമ്പത്തികസ്ഥിതിയും വിദ്യാഭ്യാസമുള്ള കുടുംബത്തിൽ വളർന്ന അദ്ദേഹം പഠിക്കുവാൻ അതിസമർത്ഥനായിരുന്നു. നല്ല ജോലിയും, പ്രശസ്തിയും, കുടുംബവും ഒക്കെ ആയി ജീവിച്ചു വരുമ്പോൾത്തന്നെ, നല്ല യൗവന പ്രായത്തിൽ 30 വയസ്സ് പൂർത്തീകരിക്കും മുൻപ് തന്നെ മാരകമായ Lou Gehrig's എന്ന മാരകരോഗത്തിന് താൻ അടിമയാകുകയും, ഏകദേശം പത്തു വർഷത്തിനുള്ളിൽ തന്റെ ശരീരത്തിലെ ചലനശേഷി

നഷ്ടപ്പെടുകയും ചെയ്തു. സംസാരശേഷിപോലും നഷ്ടമായ ദാരുണമായ അവസ്ഥയായിരുന്നു അദ്ദേഹത്തിനു സംഭവിച്ചത്.

എന്നാൽ സ്റ്റീഫൻ ഹോക്കിംഗ് ലോകപ്രശസ്തനായ ഒരു ഭൗതികശാസ്ത്രജ്ഞനായി. പ്രത്യേകം രൂപകൽപന ചെയ്ത ഒരു കമ്പ്യൂട്ടറിന്റെ സഹായത്തോടെയാണ് സംസാരശേഷിയും ചലനശേഷിയും ഇല്ലാത്ത അദ്ദേഹം ആശയവിനിമയം നടത്തിയത്. അതികഠിനം എന്ന് വിളിക്കപ്പെടുന്ന ഈ പരിമിതിക്കകത്ത് നിന്നുകൊണ്ട് അദ്ദേഹം നേടിയെടുത്ത അംഗീകാരവും മെഡലുകളും എണ്ണമറ്റതാണ്. ഇന്നും അദ്ദേഹത്തിന്റെ വാക്കുകൾ ലോകത്തെ ചലിപ്പിക്കുന്നതാണ്. ശാസ്ത്രലോകത്തെ അതികായനായി ത്തന്നെ കാലങ്ങളോളം, അദ്ദേഹം നിലനിൽക്കുന്നത് എങ്ങനെയാണ്? എണ്ണമറ്റ സിദ്ധാന്തങ്ങളും എഴുത്തുകളും പുസ്തകങ്ങളും മറ്റും ഈ പരിമിതികളെ അതിജീവിച്ച് അദ്ദേഹം ലോകത്തിനു സംഭാവന ചെയ്തത് എങ്ങനെയാണ്?

സ്റ്റീഫന്റെ ശരീരം തളർന്നു എങ്കിലും, സംസാരശേഷി നഷ്ടപ്പെട്ടെങ്കിലും, അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യം തളർന്നില്ല. അദ്ദേഹത്തിന്റെ മനസ്സിന് ധൈര്യം ചോർന്നില്ല. നിരീശ്വരനായിരുന്ന ഇദ്ദേഹത്തിന് ലോകത്തോട് ആശയവിനിമയം നടത്തത്തക്കവണ്ണം അയാളുടെ പരിമിതികൾക്കപ്പുറം പ്രയോജനപ്പെടുത്തുവാൻ പര്യാപ്തമായ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ ആവിഷ്കരിക്കുവാൻ ബുദ്ധി നൽകിയത് ദൈവസ്നേഹത്തിന്റെ വീതിയെ, അഥവാ വിശാലതയെ കാണിക്കുന്നു. ദൈവം എത്ര നല്ലവൻ. സ്റ്റീഫൻഹോക്കിംഗ് എന്ന മനുഷ്യന്റെ അതിജീവനത്തിന്റെ വിജയരഹസ്യം അവിടെയാണ്. മനസ്സിൽ നിറയെ തീരുമാനങ്ങളും നിശ്ചയദാർഢ്യവും ഉണ്ടെങ്കിൽ നമ്മെ തോൽപ്പിക്കുവാൻ ഒരു പരിമിതികൾക്കും കഴിയുകയില്ല എന്നതാണ് വാസ്തവം.

സാധ്യതകൾ ഇല്ലാത്തയിടത്തുനിന്നും നിശ്ചയദാർഢ്യത്തോടെ ജീവിച്ച്, അതിജീവനത്തിന്റെ മാതൃകകളായി തീർന്ന പലരും വേദപുസ്തകത്തിൽ ഉണ്ട്. പ്രായമേറെച്ചെന്ന്, 85 വയസ്സ് ആയെങ്കിലും യുദ്ധം ചെയ്ത് അനാക്ക്യ മല്ലന്മാരെ തോൽപ്പിക്കുവാൻ ഉള്ള ആർജ്ജവം ***കാലേബിന്*** ഉണ്ടായിരുന്നു. പരിമിതികളെ അതിജീവിക്കുന്ന യൗവനമനസ്സ് അദ്ദേഹത്തിൽ നാം കാണുന്നുണ്ട്. രാജാവിന്റെ ഭീഷണിയും സഹപ്രവർത്തകരുടെ സമ്മർദ്ദവും ഉണ്ടായിരുന്നുവെങ്കിലും വിശുദ്ധിയുടെ പ്രമാണത്തിനു വേണ്ടി ഉറച്ചുനിന്ന ***ദാനിയേൽ*** അതിജീവനത്തിന്റെ വേദപുസ്തക സാക്ഷ്യമാണ്. സാഹചര്യമല്ല ദൈവീക പ്രമാണം ആണ് എന്നെ നയിക്കുന്നത് എന്ന് ഉറക്കെ പ്രഖ്യാപിക്കാനുള്ള ധൈര്യമായിരുന്നു ദാനിയേലിന്റെ അതിജീവന രഹസ്യം.

## സാഹചര്യമല്ല ദൈവീക പ്രമാണം ആണ് എന്നെ നയിക്കുന്നത് എന്ന് ഉറക്കെ പ്രഖ്യാപിക്കാനുള്ള ധൈര്യമായിരുന്നു ദാനിയേലിന്റെ അതിജീവന രഹസ്യം.

ജീവിതം എന്ന യാഥാർത്ഥ്യത്തെ ദൈവകരങ്ങളിൽ സുരക്ഷിതം ആക്കുന്നത് ജീവിതത്തോടുള്ള നമ്മുടെ സമീപനം തന്നെയാണ്. ഭീരുക്കളായ മനുഷ്യരെ ഉപയോഗിക്കുവാനും സഹായിക്കുവാനും ദൈവത്തിനു പോലും മനസു ണ്ടാവുകയില്ല. അതെ സമയം ദൈവത്തിനു ചെവികൊടുത്തു ദൈവം അരുളിച്ചെയ്യുന്നതു അനുസരിക്കുവാൻ സമർപ്പിക്കുന്ന ഒരുവനെ ധീരനാക്കി മാറ്റുവാനും ദൈവത്തിനു കഴിയും. ***പത്രോസ്*** ഇതിനൊരു ഉത്തമ ഉദാഹരണമാണ്. ഒരു പെൺകുട്ടിയുടെ ചോദ്യത്തിന് മുൻപിൽ ഭീരുവായിരുന്ന പത്രോസ് യഹൂദ പ്രമാണികളുടെയും മൂപ്പന്മാരുടെയും ശാസ്ത്രിമാരുടെയും മഹാപുരോഹിതന്മാരു ടെയും മുൻപിൽ വെളിപ്പെടുത്തുന്ന ധൈര്യം (അപ്പോസ്തല പ്രവൃത്തികൾ 4: 5 13) എത്ര ശ്ലാഘനീയമാണ്. എന്നാൽ ഭീരുത്വം ദൈവം വെറുക്കുന്നതും നിത്യനരകമെന്ന ശിക്ഷയിലേക്കു നയിക്കുന്നതുമാണ് (വെളിപ്പാട് 21 : 8).

വെളിപ്പാട് പുസ്തകത്തിലെ സഭകൾക്കുള്ള സന്ദേശങ്ങളിൽ, ജയിക്കുന്നവന് നൽകുന്ന വിശേഷ അനുഗ്രഹങ്ങൾ ആവർത്തിച്ച് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. അതിജീവനത്തിന്റെ വിജയരഹസ്യം കൈമുതലാക്കുന്നവർക്ക് അവസരങ്ങളുടെ വാതിലുകൾ താനെ തുറന്നുവരും. അവരെ പിന്നോട്ടടിക്കുവാൻ ആർക്കും, ഒരു സാഹചര്യത്തിനും കഴിയുകയില്ല.

ലോകം ക്ലേശസമ്പൂർണ്ണമാണെങ്കിലും അതിനെയൊക്കെ അതിജീവിക്കുവാൻ സാധിക്കും എന്ന് ജീവിതംകൊണ്ട് തെളിയിച്ച വ്യക്തിയാണല്ലോ ***ഹെലൻ കെല്ലർ.*** തന്റെ പ്രസിദ്ധമായ ഒരു ഉദ്ധരണി ശ്രദ്ധിക്കുക: *All the world is full of suffering. It is also full of overcoming* ●



ഷാജി ഉമ്മൻ

# സ്വർഗീയ പിതാവിന്റെ ഭാഷാശൈലി മനസിലാക്കിയാൽ...

***ഭൂമിയിലുള്ളത് നിങ്ങളോടു പറഞ്ഞിട്ട് നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ സ്വർഗ്ഗത്തിലുള്ളത് നിങ്ങളോടു പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും? (യോഹന്നാൻ 3 : 12)***

വ്യത്യസ്ത ശാസ്ത്രങ്ങളിൽ അഥവാ വിഷയങ്ങളിൽ വിവിധങ്ങളായ സാങ്കേതിക ഭാഷയും അതിന്റേതായ സാങ്കേതിക പദങ്ങളും ഉണ്ട്. ദൈവശാസ്ത്രം, ഭൗതീക ശാസ്ത്രം, രസതന്ത്ര ശാസ്ത്രം, ജന്തുശാസ്ത്രം, സസ്യശാസ്ത്രം, സാമൂഹിക ശാസ്ത്രം, നിയമശാസ്ത്രം, ധനതത്വ ശാസ്ത്രം എന്നിങ്ങനെ ശാസ്ത്രങ്ങൾ അനവധിയാണ്. ഇവയ്ക്കോരോന്നിനും അതിന്റേതായ സാങ്കേതിക പദങ്ങളും ഉണ്ട്. കോടതി ഭാഷ സംസാരിച്ചാൽ നിയമം അറിയുന്നവർക്ക് മാത്രമായിരിക്കും മനസിലാവുക. ജന്തുശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയാണല്ലോ വൈദ്യശാസ്ത്രം രൂപപ്പെട്ടത്. ഡോക്ടർമാർ ഉപയോഗിക്കുന്ന സാങ്കേതിക വാക്കുകൾ സാധാരണക്കാർക്ക് മനസ്സിലാവുകയില്ല. ഇന്ത്യൻ ഭരണഘടനയുടെ മലയാള പരിഭാഷ സാധാരണ മലയാളി വായിച്ചാൽ മനസിലാക്കുക എന്നത് ഒരു കീറാമുട്ടി തന്നെയാണ്.

സ്വർഗ്ഗത്തിലെ അഥവാ അദൃശ്യ ലോകത്തിലെ കാര്യങ്ങൾ, ദൈവം ദാനമായി നൽകിയ ഭാഷയിലെ മനുഷ്യന്റെ വാക്കുകൾ കടമെടുത്താണ് തന്റെ പ്രവാചകന്മാരിലൂടെ നമ്മോടു വിശദീകരിച്ചിരിക്കുന്നത്. അവിടെയും ഒരു വലിയ പരിമിതി നാം കാണുന്നത്, പല കാര്യങ്ങളും എഴുതുവാൻ ഭാഷയിൽ പര്യാപ്തമായ വാക്കുകൾ ഉണ്ടായിരിക്കുകയില്ല. ഉദാഹരണത്തിന്, വെളിപ്പാട് പുസ്തകത്തിൽ യോഹന്നാൻ ഇനിയും നടക്കാനിരിക്കുന്ന സംഭവങ്ങളാണ് ദർശനത്തിൽ കാണുന്നത്. വിമാനങ്ങളും, ഹെലികോപ്റ്ററുകളും പറക്കുന്നു എന്ന് എഴുതുവാൻ അന്ന് ഭാഷയിൽ വാക്കുകളില്ലല്ലോ! 1902 ലാണ് വിമാനങ്ങൾ കണ്ടുപിടിച്ചത് തന്നെ. അതെ തുടർന്നാണല്ലോ വിമാനമെന്ന വാക്ക് തന്നെ മനുഷ്യർ ഉപയോഗിച്ച് തുടങ്ങിയത്. പക്ഷെ യോഹന്നാന് അത് എഴുതിയേ തീരു. അവിടെ ആലങ്കാരിക ഭാഷയിൽ വിമാനത്തോട് രൂപസാദൃശ്യമുള്ള കഴുക് എന്ന പദവും, ഹെലികോപ്ടറിന് വെട്ടുക്കിളി എന്ന പദവും ഒക്കെയാണ് ഉപയോഗിച്ചത്. അക്ഷരാർത്ഥത്തിൽ അത് വ്യാഖ്യാനിച്ചാൽ ചിന്താക്കുഴപ്പമായിരിക്കും ഫലം. ബൈബിളിന്റെ രചയിതാവ് പരിശുദ്ധാത്മാവാണ്. എഴുത്തുകാരായി അറിയപ്പെടുന്നവർ പരിശുദ്ധാത്മാ

**സ്വർഗ്ഗത്തിലെ അഥവാ അദൃശ്യ ലോകത്തിലെ കാര്യങ്ങൾ,ദൈവം ദാനമായി നൽകിയ ഭാഷയിലെ മനുഷ്യന്റെ വാക്കുകൾ കടമെടുത്താണ് തന്റെ പ്രവാചകന്മാരിലൂടെ നമ്മോടു വിശദീകരിച്ചിരിക്കുന്നത്.**

വിന്റെ കൈയിലെ തൂലിക മാത്രമായിരുന്നു. ആകയാൽ രചയിതാവായ പരിശുദ്ധാത്മാവ് പൊരുൾ തിരിച്ചു വ്യാഖ്യാനിച്ചു തന്നു എങ്കിൽ മാത്രമേ തിരുവെഴുത്തുകൾ മനസിലാക്കേണ്ടുന്നത് പോലെ മനസിലാക്കുവാൻ മനുഷ്യർക്ക് സാധിക്കുകയുള്ളു.

പരീശനും, യഹൂദന്മാരുടെ ഒരു പ്രമാണിയുമായിരുന്ന നിക്കോദേമോസിനോട് യേശുകർത്താവു സംസാരിക്കുമ്പോൾ മനുഷ്യന് സുപരിചിതമായ വാക്കുകൾ ഉപയോഗിക്കുന്നത് ശ്രദ്ധേയമാണ്. ജനനം എന്ന വാക്ക് ചേർത്ത് വീണ്ടും ജനനം പ്രാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് യേശു സംസാരിക്കുന്നു (യോഹന്നാൻ 3: 1-5). അതുവരെ ഇല്ലാതിരുന്ന ഒരു വ്യക്തി ജനനത്തിലൂടെ ലോകത്തിൽ തന്റെ ജീവിതം ആരംഭിക്കുന്നു. ജനനവുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ വീണ്ടും ജനനം എന്നത് അതുവരെ ഒരു വ്യക്തിയിൽ ഇല്ലാതിരുന്ന ഒരു ആത്മിക അനുഭവം അവനിൽ ഉണ്ടാകുന്നതാണ്. വീണ്ടും ജനിക്കാത്തവന് ദൈവരാജ്യം കാണാൻപോലും കഴിയുകയില്ല എന്നാണ് യേശു അവനോടു പറഞ്ഞത്. ദൈവവചനകേൾവിയിലൂടെ വിശ്വസിക്കുന്നവരിൽ ഉളവാകുന്ന ഒരു അദൃശ്യ അനുഭവമാണ് വീണ്ടും ജനനം. ഇത് മനസിലാക്കുവാൻ ബുദ്ധിമുട്ടിയ നിക്കോദേമോസിനോട് യേശു നൽകിയ ഉദാഹരണം ചിന്തോദ്ദീപകമാണ്. കാറ്റ് അതിനു ഇഷ്ടമുള്ളേടത്തു വീശുന്നു. നാം അതിന്റെ ശബ്ദം കേൾക്കുന്നു. എന്നാൽ അത് എവിടെ നിന്ന് വരുന്നു എന്നോ, എവിടേക്കു പോകുന്നെന്നോ നാം അറിയുന്നില്ല. കാറ്റടിക്കുന്നതു കേൾക്കുവാനും മനസിലാക്കുവാനും കഴിയും. അതെ സമയം അത് അദൃശ്യമാണുതാനും. ഭൗമീക കാര്യങ്ങളെ ഉദാഹരിച്ചു കൊണ്ടാണ് ആത്മിക കാര്യങ്ങളെ യേശു പഠിപ്പിക്കുന്നത്. ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുമ്പോൾ മത്തായി 6:11ൽ ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്ന് തരേണമേ, എന്ന് കാണുന്നു. ഇത് ആക്ഷരിക ആഹാരമാണോ, അതോ ആത്മിക ആഹാരമാണോ? കുറവുകളും വീഴ്ചകളും ഉള്ള മനുഷ്യരായ നാം പോലും നമ്മുടെ മക്കൾ ആവശ്യപ്പെടാതെ തന്നെ ആക്ഷരിക ആഹാരം അവർക്കു നൽകുന്നുണ്ടല്ലോ. അങ്ങനെയെങ്കിൽ നമ്മളെക്കാൾ എത്രയോ ഉൽകൃഷ്ടനായ ദൈവം തന്റെ മക്കൾക്ക് അവർ ആവശ്യപ്പെടാതെ ആഹാരം നൽകുകയില്ലേ? പാത്രം നിറയെ അരി ശേഖരിച്ചു വച്ചിട്ടുള്ള ഒരാൾക്ക് ഈ പ്രാർത്ഥന ബാധകമാണോ? അല്ല എന്ന് ഏവരും സമ്മതിക്കും. അങ്ങനെയെങ്കിൽ കർത്താവു ഉദ്ദേശിക്കുന്നത്, ആത്മിക ആഹാരം തന്നെയാണ്. അത് ദൈവവചനത്തിലൂടെയാണ് ലഭ്യമാകുന്നത്. അപ്പത്തിനായുള്ള വിശപ്പല്ല, വെള്ളത്തിനായുള്ള ദാഹവുമല്ല, യഹോവയുടെ വചനങ്ങളെകേൾക്കേണ്ടതിനുള്ള വിശപ്പു തന്നെ ഞാൻദേശത്തേക്കു അയക്കുന്ന നാളുകൾ വരുന്നു എന്ന് യാഹോവയായ കർത്താവിന്റെ അരുളപ്പാടു (ആമോസ് 8:11). ദൈവത്തിന്റെ വചനം കേൾക്കേണ്ടതിനുള്ള വിശപ്പോടെ വിളിച്ചപേക്ഷിച്ചെങ്കിൽ മാത്രമേ വചനമാകുന്ന അപ്പം ദൈവം നൽകുകയുള്ളൂ. ഞാൻ ജീവന്റെ അപ്പമാകുന്നു എന്ന് യേശു പറഞ്ഞതും, ഇതേ അർത്ഥത്തിൽ തന്നെ. എന്റെ ശരീരം ഭക്ഷിക്കുക എന്ന് യേശു പറയുന്നതിന്റെ അർഥം ദൈവവചനം കണ്ടെത്തി ഭക്ഷിക്കുന്നതിനെക്കുറിച്ചു തന്നെയാണ്.

**ശാരീരിക രോഗ സൗഖ്യം നൽകുവാൻ യേശു മനുഷ്യ ജന്മം എടുത്തു ഭൂമിയിൽ വരേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. പഴയനിയമകാലത്തു പ്രവാചകന്മാരിലൂടെയും രോഗ സൗഖ്യം നൽകിയിട്ടുണ്ട്. എന്നാൽ പാപരോഗത്തിനു സൗഖ്യം നൽകുവാൻ മറ്റു യാതൊരു വഴിയും ഉണ്ടായിരുന്നില്ല**

യെശയ്യാവ് 53:4 ൽ സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്ന് വിചാരിച്ചു. ഇവിടെ പറയുന്ന രോഗങ്ങൾ എന്താണെന്നു അഞ്ചാം വാക്യത്തിൽ വ്യക്തമാക്കുന്നുണ്ട്. അത് ശാരീരിക രോഗങ്ങളല്ല. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു. നാം ചെയ്തു കൂട്ടിയ അതിക്രമങ്ങളെയും അകൃത്യങ്ങളെയും ആണ് രോഗമെന്ന് നാലാം വാക്യത്തിൽ പറഞ്ഞിരിക്കുന്നത്. ശാരീരിക രോഗ

സൗഖ്യം നൽകുവാൻ യേശു മനുഷ്യ ജന്മം എടുത്തു ഭൂമിയിൽ വരേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. പഴയനിയമകാലത്തു പ്രവാചകന്മാരിലൂടെയും രോഗ സൗഖ്യം നൽകിയിട്ടുണ്ട്. എന്നാൽ പാപരോഗത്തിനു സൗഖ്യം നൽകുവാൻ മറ്റു യാതൊരു വഴിയും ഉണ്ടായിരുന്നില്ല. അക്കാരണത്താലാണ് ദൈവംതന്നെ മനുഷ്യജന്മമെടുത്തു തന്റെ ജനത്തെ പാപത്തിൽ നിന്ന് രക്ഷിക്കുന്നയേശുവായി വന്നു കാൽവറിക്രൂശിൽ തകർക്കപ്പെട്ടത്. പാപരോഗത്തിനു സൗഖ്യം നൽകുവാൻ മറ്റാർക്കും സാധ്യമേയല്ല. നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്ന് പറവാൻ അധികാരമുള്ളതു യേശുകർത്താവിനു, അതായതു ദൈവത്തിനു മാത്രമാണ്.

ഇങ്ങനെ പറയുമ്പോൾ യേശുവിലൂടെ ശാരീരിക രോഗസൗഖ്യം ഇല്ല എന്നല്ല അർത്ഥമാക്കുന്നത്. യേശുവിന്റെ അടുക്കൽ വന്ന സകല രോഗികളോടും മനസ്സലിഞ്ഞു അവർക്കു സൗഖ്യം നൽകി എന്നത് സുവിശേഷങ്ങളിൽ വിവരിച്ചിരിക്കുന്നു. അത് ഇന്നും ബാധകമാണ്. ഇവിടെയും മനുഷ്യന്റെ ഉപയോഗത്തിലുള്ള വാക്കുകൾ ഉപയോഗിച്ച് ആത്മിക സത്യങ്ങൾ ദൈവം വെളിപ്പെടുത്തുകയാണ്.

ഇതോടനുബന്ധിച്ചു ചിന്തിക്കുമ്പോൾ ന്യായപ്രമാണത്തിൽ യഹൂദന്മാർക്കു നൽകിയിരുന്ന പ്രമാണങ്ങളെ നിർവീര്യമാക്കുന്നതായിരുന്നു യേശു നൽകിയ രോഗസൗഖ്യം. ഉദാഹരണത്തിന്, കുഷ്ഠരോഗിയെ തൊടുന്നവൻ അശുദ്ധനാകും എന്ന് ന്യായപ്രമാണം പറയുമ്പോൾ യേശു അശുദ്ധനായ കുഷ്ഠരോഗിയെ തൊടുകയും, അവൻ ശുദ്ധനായി തീരുകയും ചെയ്തു. ശവത്തെ തൊടുന്നവൻ അശുദ്ധനാകും എന്ന് പ്രമാണമുള്ളപ്പോൾ യായീറൊസിന്റെ, മരിച്ചു പോയ മകളുടെ കൈക്കുപിടിച്ചാണ് യേശു അവളെ ഉയർപ്പിച്ചത്.

ഭാഷാപണ്ഡിതന്മാർ ബൈബിൾ വായിച്ചാൽ മനസ്സിലാകുമോ? അവർക്ക് ഒന്നും മനസിലാവില്ല. കാരണം, ദൈവരാജ്യത്തിന്റെ മർമങ്ങളെ ഗ്രഹിപ്പാൻ അവർക്കു വരം ലഭിച്ചിട്ടില്ല (മത്തായി 13:10,11). അതു അറിവുകൊണ്ടല്ല, വെളിപ്പാടു കൊണ്ടേ ഗ്രഹിപ്പാൻ കഴിയൂ.

നമ്മുടെ വീട്ടിലെ കൊച്ചുകുട്ടികളോട് നാം സംസാരിക്കുമ്പോൾ അവരുടേതായ വാക്കുകൾ ഉപയോഗിക്കുന്നത് പോലെ നമ്മുടെ വാക്കുകൾ ഉപയോഗിച്ച് ദൈവം നമ്മോടു സംസാരിക്കുന്നു. അത് മനസിലാക്കുവാൻ പരിശുദ്ധാത്മാവിന്റെ സഹായം അനിവാര്യമാണ്. യോഹന്നാൻ 14:26ൽ യേശു പറയുന്നതിന്റെ സാരം, പരിശുദ്ധാത്മാവ് നിങ്ങൾക്ക് സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും വ്യാഖ്യാനിച്ചു പൊരുൾ തിരിച്ചു ഓർമ്മപ്പെടുത്തുകയും ചെയ്യും എന്നാണ്. തിരുവെഴുത്തുകളുടെ ശരിയായ വ്യാഖ്യാതാവ് പരിശുദ്ധാത്മാവാണ്.

ആകയാൽ ഭാഷയുടെ വൈവിധ്യങ്ങൾ മനസിലാക്കുവാൻ തക്കവണ്ണം കർത്താവിനോടു ചേർന്നിരുന്ന് പരിശുദ്ധാത്മാവിനു വസിക്കാനുള്ള മന്ദിരമായി നമ്മെ തന്നെ സമർപ്പിച്ചു ജീവിക്കേണ്ടതാണ്. ●

**ബന്ധങ്ങൾ**

*മനുഷ്യന് ഏറ്റവും വിലയേറിയതു അവന്റെ ബന്ധങ്ങളാണ്. 1. ദൈവത്തോടുള്ള ബന്ധം. 2. നമ്മോടുതന്നെയുള്ള ബന്ധം 3. കുടുംബത്തോടുള്ള ബന്ധം. 4. സമൂഹത്തോടുള്ള ബന്ധം 5. ശത്രുക്കളോടുള്ള ബന്ധം. ഓരോ ബന്ധത്തിലും നമ്മെ തന്നെ വിലയിരുത്തേണ്ടതിനു യേശുവിന്റെ മാതൃകയുമായി നമ്മെ താരതമ്യം ചെയ്യുക. യേശുവിന്റെ ജീവിതചര്യ നന്നായി പഠിച്ചു അവിടുത്തെ ജീവിത മാതൃക നാം അനുഭവമാക്കണം. നന്മയാൽ തിന്മയെ ജയിക്കുക. ദുഷ്ടത വിട്ടു മനസാന്തരപ്പെടുവാൻ തക്കവണ്ണം ശത്രുവിനെ സ്നേഹിക്കുക. പ്രതികാര മനോഭാവം വിട്ടുകളഞ്ഞു സ്നേഹംകൊണ്ട് ശത്രുവിനെ കീഴ്പെടുത്തി മാനസാന്തരത്തിലേക്കു നടത്തുക. സഹിഷ്ണുതയോടെ വിട്ടുവീഴ്ചാ മനോഭാവം ഉള്ളവരായിരിക്കണം നാം. തിന്മകൊണ്ടു തിന്മയെ നേരിടരുത്. അങ്ങനെ ചെയ്യുന്ന പക്ഷം തിന്മ നമ്മിലും അപരനിലും വളർന്നു വരുവാൻ ഇടയാകും. നന്മകൊണ്ട് തിന്മയെ എതിരിടുമ്പോൾ സമൂഹത്തിൽ നന്മ വളരുവാൻ ഇടയാകും. ശത്രുവിനെ സ്നേഹിച്ചു അവനു നന്മ ചെയ്യുമ്പോൾ അവനിലെ ശത്രുത്വവും തിന്മയുടെ വാസനയും ദുർബലപ്പെട്ടു ഇല്ലാതെയാകും. ക്രിസ്തുവിന്റെ ജീവിതമാതൃക നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കിയാൽ മേല്പറഞ്ഞ 5 മേഖലകളിലും ദൈവത്തോടും മറ്റുള്ളവരോടും നമുക്കുള്ള ബന്ധം ഊഷ്മളവും സുരഭിലവും ആയിരിക്കും*



പി.വി. വർഗീസ്

# ആസക്തിയും മോചനവും

നിരാശയുടെയും അവഗണനയുടെയും പശ്ചാത്തലത്തിൽ വളർന്ന ഒരു ബാലൻ സ്പോർട്സിൽ സ്റ്റേറ്റ് ലെവൽ പ്രൈസ് വാങ്ങിയപ്പോൾ അവന്റെ അപ്പൻ ചോദിച്ചു, നിന്നെക്കാൾ മിടുക്കനായി വേറെയാരും ഇല്ലായിരുന്നോ? ഈ വാക്ക് അവനെ വളരെ വേദനിപ്പിച്ചു. അംഗീകാരത്തിന്റെ ഒരു വാക്കു ഒരു ആർമി ഓഫീസർ ആയിരുന്ന സ്വന്തം പിതാവിൽ നിന്നു പോലും കിട്ടാതെ വന്നപ്പോൾ അവന്റെ ഹൃദയത്തിൽ ഏറ്റ മുറിവ് അഗാധമായിരുന്നു. തിരസ്കരണത്തിന്റെ വാക്കു ആരെയും മുറിപ്പെടുത്തുന്നതായിരിക്കും. ഈ പശ്ചാത്തലത്തിൽ അംഗീകാരത്തിനായി എന്ത് സാഹസവും ചെയ്യുവാൻ മേൽപറഞ്ഞ ബാലൻ തയ്യാറായി. സെമിത്തേരികളിൽ ഉറങ്ങുക, സിഗരറ്റു വലിക്കുക, മദ്യവും ഡ്രഗ്സും ഉപയോഗിക്കുക, പ്രാകൃതമായി നടക്കുക എന്നിവ മറ്റുള്ളവരുടെ അംഗീകാരത്തിനും കൈയടിക്കുമായി അവൻ ചെയ്തു തുടങ്ങി. ഇങ്ങനെയായപ്പോൾ അവനെ വീട്ടിൽ നിന്നും ഇറക്കി വിട്ടു. കൂട്ടുകാർ പോലും അവനോടു വെറുപ്പ് കാണിച്ചു. വെളുക്കാൻ തേച്ചത് പാണ്ടായി എന്ന ചൊല്ലുപോലെ പ്രതീക്ഷിച്ച അംഗീകാരം ലഭിച്ചില്ല എന്ന് മാത്രമല്ല ഒട്ടും ആഗ്രഹിക്കാത്ത അവഗണനയാണ് തുടർന്നും മറ്റുള്ളവർ അവനു നൽകിയത്.

ഇങ്ങനെ അലഞ്ഞു തിരിഞ്ഞു നടക്കുമ്പോൾ ബാല്യത്തിൽ സൺഡേസ്കൂളിൽ പഠിച്ച 'യേശു സ്നേഹിക്കുന്നെന്നെ' എന്ന പാട്ടു അവന്റെ മനസ്സിൽ പൊന്തി പൊന്തി വന്നു. അത് അവന്റെ നാവിലൂടെ ഒരു ഗാനമായി പുറത്തു വന്നു. അപ്പോൾ അവനറിയാതെതന്നെ ഹൃദയത്തിൽ വലിയ സ്വസ്ഥതയും സമാധാനവും അനുഭവപ്പെട്ടു. പിന്നീടാണ് അവനു മനസിലായത് അത് യേശു നൽകിയ ഉത്തരമായിരുന്നു എന്ന്. എല്ലാവരും വെറുക്കുന്ന എന്നെ യേശു സ്നേഹിക്കുന്നു എന്ന ചിന്ത അവന്റെ ജീവിതത്തെ മാറ്റി മറിച്ചു. നിർഗുണനും ക്രൂരനും ആയിരുന്ന അവൻ യേശുവിനോടു ചേർന്നപ്പോൾ അവിശ്വസനീയമായ വിധത്തിൽ ജീവിതം അപ്പാടെ മാറി. തുടർന്ന് അവൻ സ്വന്ത ഭവനത്തിലേക്ക് മടങ്ങി വന്നു. കാരണം തന്നെ വെറുക്കുന്ന അവരോടു അവന്റെ അകതാരിൽ സ്നേഹത്തിന്റെ നാമ്പുകൾ മുളച്ചു വന്നു. അവന്റെ പിതാവ് പോലും ഇത് മനസിലാക്കുവാൻ ചില മാസങ്ങൾ തന്നെ എടുത്തു. സ്നേഹമായി ഇടപെടുവാൻ തുടങ്ങി. നമ്മെ പൂർണമായി മനസിലാക്കുവാനും ഏതു ഹീനമായ അവസ്ഥയിലും സ്നേഹിക്കുവാനും യേശുവിനു മാത്രമേ കഴിയൂ.

വളർന്നു വരുന്ന സാഹചര്യങ്ങളുടെ സ്വാധീനമാണ് പലരെയും നല്ലവരോ ദുഷ്ടന്മാരോ ആക്കുന്നത്. ഇവിടെ പരാമർശിക്കുന്ന ബാലന്റെ ജീവിതാനുഭവം പോലെ തിരസ്കരണത്താൽ വേദനിക്കുന്നവർ ചിലർ ഇത് വായിക്കുന്നുണ്ടായിരിക്കുമല്ലോ! അതിന്റെ പരിഹാരമാർഗവും ഇവിടെ തന്നെ പറഞ്ഞിട്ടുണ്ട്. സകല തിരസ്കരണങ്ങളുടെയും അവഗണനകളുടെയും പരിഹാരം നമ്മെ മുഴുവനായി അറിയുന്ന യേശുകർത്താവിന്റെ കരങ്ങളിലേക്ക് നമ്മെ സമ്പൂർണമായി ഭരമേല്പിക്കുക എന്നതുമാത്രമാണ്. ജീവിതത്തിൽ കർത്താവിനെ കണ്ടുമുട്ടുമ്പോൾ സകല ദുരനുഭവങ്ങളും മാറ്റി ഇഹത്തിലും പരത്തിലും

സന്തോഷത്തോടെ സൗഭാഗ്യത്തോടെ കർത്താവിനോടൊപ്പം ജീവിക്കുവാൻ അവസരം നൽകുന്നു. മനസാന്തരപ്പെടുന്ന ഏതു കഠിന പാപിയെയും യേശുകർത്താവ് സ്നേഹിക്കുന്നതിനാൽ സകലപാപങ്ങളും ക്ഷമിച്ചു അവനെ വിശുദ്ധീകരിച്ചു നിത്യതയുടെ പങ്കാളിയാകുവാൻ തക്കവണ്ണം ഒരുക്കുന്നു.

മറ്റൊരു ബാലൻ ചെറുപ്പത്തിൽ തന്നെ അശ്ളീല സാഹിത്യങ്ങളും അവയിൽ നൽകിയിരുന്ന അസഭ്യ ചിത്രങ്ങളും തുടർച്ചയായി വായിക്കുകയും, കാണുകയും ചെയ്തതിനാൽ അതിന്റെ ഭവിഷ്യത്തു എന്നോണം നിഷ്കളങ്കരായ പെൺകുട്ടികളെ ബലാത്സംഗം ചെയ്യുകയും ഇരകളെ കൊല്ലുകയും ചെയ്യുന്നവനായി മാറി. വഷളായ അറിവുകളും ചിന്തകളും ഇത്തരം പുസ്തകങ്ങൾ മനസിലേക്ക് പകരുന്നത് വഴി വന്നു ഭവിക്കുന്ന ദുരന്തങ്ങളാണിവ. സ്വയം നശിക്കുന്നു, നിരപരാധികളായ മറ്റു പലരെയും നശിപ്പിക്കുകയും ചെയ്യുന്നു. വളരെ ക്രൂരനായിരുന്ന ഇവൻ കൊലപാതകൻ എന്ന ലേബലിൽ അറിയപ്പെടുകയും സ്ഥിരം കുറ്റവാളിയായി ജയിലുകളിൽ കഴിയേണ്ടി വരികയും ചെയ്യുന്ന ദുരനുഭവം. ഇത്തരം സംഭവങ്ങൾ സമൂഹത്തിൽ ഒറ്റപ്പെട്ടവയല്ല. ആകയാൽ മാതാപിതാക്കളും അധ്യാപകരും മുതിർന്ന എല്ലാവരും വളർന്നു വരുന്ന തലമുറയ്ക്ക് മുൻപിൽ നല്ല മാതൃകകളായി ജീവിച്ചില്ലായെങ്കിൽ നമ്മുടെ ഭാവി തലമുറ ആറുവഷളത്വത്തിലേക്കു ആയിരിക്കും കൂപ്പുകുത്തുക. ഇന്ന് സ്മാർട്ട്ഫോണിൽ നല്ല മെസ്സേജുകൾക്കിടയിൽ തിരുകി കയറ്റി നാം ആവശ്യപ്പെടാതെ തന്നെ അശ്ളീല ചിത്രങ്ങൾ പൊന്തി വരാറുണ്ട്. മക്കളെക്കുറിച്ചു കരുതലുള്ളവർ വളരെ ശ്രദ്ധാപൂർവം തങ്ങളുടെ മക്കളെ സൂക്ഷിക്കേണ്ടതുണ്ട്. അല്പമെങ്കിലും താല്പര്യം തോന്നി ഇത്തരം ചിത്രങ്ങൾ ശ്രദ്ധിച്ചാൽ അവയുടെ ഒരു ഘോഷയാത്ര തന്നെയായിരിക്കും തുടർന്ന് വരിക. ഇത്തരം ചതിക്കുഴികളിൽ പെട്ട് ആൺകുട്ടികൾ മാത്രമല്ല പെൺകുട്ടികൾപോലും വഴിപിഴച്ചു പോയിട്ടുണ്ട്. ഇതൊക്കെ നശിപ്പിക്കുവാനുള്ള സാത്താന്യ തന്ത്രങ്ങളാണ്. തിരുവചനവെളിച്ചത്തിൽ ഇതിലെ അപകടം മനസിലാക്കി, ദൈവത്തോട് നിലവിളിച്ചു ഇത്തരം കാര്യങ്ങൾ വിട്ടു സത്യപാതയിലേക്കു തിരിഞ്ഞു വരുന്നില്ലായെങ്കിൽ വിവരിക്കാൻ കഴിയാത്ത വിധം സർവ്വ നാശത്തിലേക്കായിരിക്കും അത് നടത്തുക. മുളയിലേ നുള്ളിക്കളഞ്ഞു ഇത്തരം ദുരാഗ്രഹങ്ങളെ വേരോടെ പിഴുതു കളഞ്ഞില്ലെങ്കിൽ രക്ഷപെടാൻ ആവാത്തവിധമുള്ള വലിയ കുരുക്കിൽ ആയിരിക്കും ചെന്ന് പെടുക. വഴി പിഴപ്പിക്കുന്ന കൂട്ടുകെട്ടുകളെയും വസ്തു വകകളെയും ജീവിത ശൈലിയെയും പരിപൂർണമായി ഉപേക്ഷിക്കുന്നതായിരിക്കണം നമ്മുടെ ജീവിതശൈലി.

ഒന്നാം സങ്കീർത്തനത്തിൽ പരാമർശിക്കുന്ന ആ മനുഷ്യൻ എത്ര ഭാഗ്യവാൻ. അയാൾ ദുഷ്ടരുടെ ഉപദേശത്തിൽ നടക്കുന്നില്ല, പാപികളുടെ വഴിത്താരയിൽ നിൽക്കുന്നില്ല, പരിഹസികളുടെ ഇരിപ്പിടത്തിൽ ഇരിക്കുന്നുമില്ല. അയാളുടെ ആനന്ദം കർത്താവിന്റെ വചനത്തിലാണ്. അയാൾ രാപകൽ ധ്യാനിക്കുന്നതു സ്വർഗീയ നിയമമാണ്. ഇത്തരത്തിലുള്ള ഒരു ജീവിതശൈലി ആയിരിക്കും ഇന്ന് കാണപ്പെടുന്ന അരിഷ്ടമായ സാഹചര്യങ്ങളെ അതിജീവിക്കുവാൻ ദൈവകൃപയാൽ സാധിക്കുന്നത്. കാരണം ദൈവത്തിന്റെ വചനം നമ്മുടെ കാലുകൾക്കു വിളക്കും പാതയ്ക്ക് പ്രകാശവുമായി അന്ധകാരത്തിന്റെ ചതിക്കുഴികളിൽ നിന്ന് നമ്മെ മോചിപ്പിക്കുന്നു. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന് അരുളിച്ചെയ്ത യേശുകർത്താവ് നൽകി തരുന്ന വെളിച്ചത്തിന്റെ പാതയിൽ നടക്കുവാൻ നമുക്ക് നമ്മെ സമർപ്പിക്കാം, നമ്മുടെ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കാം.

●

## അവസാനത്തിൽ നിന്നുള്ള ആരംഭം

മുപ്പതാം വയസിൽ മറ്റെന്തിനേക്കാളും മരണമാഗ്രഹിച്ച ഒരു യുവതിയുടെ ജീവിതത്തിൽ കാർമേഘങ്ങളെല്ലാം മാറി പ്രകാശം ഉദിച്ചു. ജീവിതത്തിനു ഒരു പുതിയ ലക്ഷ്യം അവൾ കണ്ടെത്തി. തൊണ്ണൂറാം വയസിൽ മരിച്ച അവൾ ലോകചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചു. പത്തൊൻപതാം നൂറ്റാണ്ടിൽ മനുഷ്യജാതിയുടെ കഷ്ടത ലഘൂകരിക്കുന്നതിനു വേണ്ടി പരിശ്രമിച്ചിട്ടുള്ളവരുടെ ഏറ്റവും മുൻപന്തിയിൽ അവൾ നില്ക്കുന്നു.

**അവളുടെ പേരറിയാമോ?**

ആതുരശുശ്രൂഷയുടെ ജനയിതാവ് എന്ന് വിശേഷണത്തോടെ **ഫ്ളോറെൻസ് നൈറ്റിംഗെയിൽ.**



എൽസി ജോയ്

# നിയമങ്ങൾ നമ്മുടെ നന്മയ്ക്ക്

ജനങ്ങളുടെ ക്ഷേമത്തിൽ തൽപ്പരരായ ജനപ്രതിനിധികളും ഭരണകർത്താക്കളും ആണ് ജനങ്ങൾക്ക് ആവശ്യം. ജനങ്ങളുടെ ക്ഷേമവും സുരക്ഷയും മുൻനിർത്തി നടപ്പാക്കിയിട്ടുള്ള നിയമങ്ങൾ ജനങ്ങൾ പാലിക്കേണ്ടത് സ്വയനന്മയ്ക്കായിട്ടാണ്. ജനങ്ങളുടെ ക്ഷേമത്തിന് വിരുദ്ധമായി ഏതെങ്കിലും നിയമങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ അതിനോട് എതിർപ്പ് പ്രകടിപ്പിക്കുവാൻ ജനങ്ങൾക്ക് അവകാശമുണ്ട്. അവരുടെ എതിർപ്പ് അധികാരികൾ അനുഭാവപൂർവ്വം പരിശോധിച്ചു പരിഗണിക്കേണ്ടതുമാണ്.

കോവിഡിനെ പ്രതിരോധിക്കുവാൻ സർക്കാർ നമുക്ക് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ നാം പാലിക്കേണ്ടത് നമ്മുടെ നന്മയ്ക്കായിട്ടാണെന്നുള്ള ബോധ്യത്തിൽ നിന്നായിരിക്കണം. പോലീസിനെ ഭയപ്പെട്ട് മാസ്ക് ധരിച്ചിട്ട് എന്ത് കാര്യം? ഫൈൻ നൽകാതെ രക്ഷപ്പെടാം എന്നല്ലാതെ രോഗത്തെ പ്രതിരോധിക്കാൻ അത് ഉപയോഗപ്പെടില്ലല്ലോ! രോഗപ്രതിരോധം ആണ് നമ്മുടെ യഥാർത്ഥ ലക്ഷ്യം എങ്കിൽ ധരിക്കേണ്ടത് വൃത്തിയുള്ളതും സുരക്ഷിതവുമായ മാസ്ക്കാണ്. അത് ധരിക്കേണ്ടത് പോലെ ധരിക്കുകയും വേണം. അതോടൊപ്പം തന്നെ ശാരീരിക അകലം പാലിക്കുക, കൈകൾ ഇടയ്ക്കിടയ്ക്ക് സാനിറ്റൈസ് ചെയ്യുക, ആവശ്യമുള്ളപ്പോഴൊക്കെ സോപ്പുപയോഗിച്ച് കൈ കഴുകുക എന്നതും കൃത്യമായി പാലിക്കേണ്ടതുണ്ട്. സ്വയസുരക്ഷയ്ക്കും മറ്റുള്ളവരുടെ സുരക്ഷയ്ക്കും പ്രാധാന്യം കൊടുക്കുന്നവർ ഇതിൽ യാതൊരു അസൗകര്യവും കാണുകയില്ല.

ദൈവം നമുക്ക് നൽകിയിരിക്കുന്ന കൽപ്പനകൾ എല്ലാം നമ്മുടെ നന്മയ്ക്ക് ആണ്. മനുഷ്യന് പിഴവുകൾ സംഭവിക്കാം. എന്നാൽ സർവ്വജ്ഞാനിയായ ദൈവം നൽകുന്ന കല്പനകളിൽ പിഴവുകൾ ഇല്ല. 'യഹോവയുടെ ന്യായപ്രമാണം തികവ് ഉള്ളത്, പൂർണ്ണത ഉള്ളത് അത് പ്രാണനെ തണുപ്പിക്കുന്നു (സങ്കീർത്തനം 19 :7). ദൈവത്തിന്റെ കൽപ്പനകൾ അനുസരിക്കുന്നവർക്ക് അത് സുരക്ഷയും ആശ്വാസവുമാണ്.

ദൈവം മോശെ മുഖാന്തരം അരുളിച്ചെയ്ത വചനങ്ങൾ ശ്രദ്ധിക്കുക. 'ആകയാൽ യിസ്രായേലേ, നിന്റെ ദൈവമായ യഹോവയെ ഭയപ്പെടുകയും അവന്റെ എല്ലാവഴികളിലും നടക്കുകയുംഅവനെ സ്നേഹിക്കുകയും, നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ സേവിക്കയും, ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന യഹോവയുടെ കല്പനകളും ചട്ടങ്ങളും നിന്റെ നന്മയ്ക്കായി പ്രമാണിക്കയും വേണം എന്നല്ലാതെ നിന്റെ ദൈവമായ യഹോവ നിന്നോടു ചോദിക്കുന്നത് എന്ത്?' (ആവർത്തനം 10: 12, 13).

ദൈവവചനം അനുസരിക്കുന്നതിൽ നാം എത്രമാത്രം ശ്രദ്ധാലുക്കൾ ആണെന്ന് നമുക്ക് സ്വയം ശോധന ചെയ്തു വിലയിരുത്താം. ദൈവവചനം കേൾക്കുന്നതും വായിക്കുന്നതും പഠിക്കുന്നതും എല്ലാം 'അനുസരിക്കണം' എന്ന മനോഭാവത്തോടെയും തീരുമാനത്തോടെയും ആയിരിക്കട്ടെ.



# സ്ത്രീകൾക്ക് എതിരെയുള്ള പീഡനങ്ങൾ...



സ്ത്രീകൾക്ക് ഏറ്റവും സുരക്ഷിതമായ ഇടം അവരവരുടെ കുടുംബങ്ങൾ എന്നുള്ളതായിരുന്നു, പരമ്പരാഗതമായി നാം എല്ലാവരും വിശ്വസിച്ചുപോന്നിരുന്നത്, എന്നാൽ ആ അടിയുറച്ച വിശ്വാസത്തിന് ഇളക്കം തട്ടുന്ന അനേകം സംഭവങ്ങളാണ് ഇന്ന് ലോകത്തിന്റെ പലയിടങ്ങളിൽ നിന്നും ദിനംതോറും വാർത്താ മാധ്യമങ്ങൾ റിപ്പോർട്ട്ചെയ്തുകൊണ്ടിരിക്കുന്നത്. മാനസികവും ശാരീരികവും ലൈംഗികവും സാമ്പത്തികവുമായി ലോകത്തെല്ലായിടത്തും, വിശേഷാൽ നമ്മുടെ രാജ്യത്തും സ്ത്രീകൾ പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. സ്ത്രീ പീഡനവുമായി ബന്ധപ്പെട്ടുള്ള ആത്മഹത്യകളും കൊലപാതകങ്ങളും തുടർന്നു കൊണ്ടേയിരിക്കുകയാണ്. ഇടയ്ക്കിടെ പുറത്തുവരുന്ന മരണങ്ങൾ മാത്രമല്ല, ആരുമറിയാതെപോകുന്ന ശാരീരികവും മാനസികവുമായ പീഡനങ്ങൾ ഏറ്റുവാങ്ങി ജീവച്ഛവങ്ങളായി കഴിയുന്ന കുടുംബങ്ങൾ നിരവധിയാണ്.

പല കാരണങ്ങളുടെ പേരിൽ ആണ് സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നത്. സ്ത്രീധനം കുറഞ്ഞതിന്റെ പേരിലും, ഭർത്താവിന്റെ വീട്ടുകാർ കൂടുതൽ സ്വത്ത് ആവശ്യപ്പെട്ടതുകൊണ്ടും, നിയമവിരുദ്ധമായ ഏതെങ്കിലും കാര്യങ്ങൾ ചെയ്യുവാൻ സ്ത്രീകളെ നിർബന്ധിച്ചതു കൊണ്ടും, അങ്ങനെ പല നിലകളിൽ പീഡിപ്പിക്കപ്പെടുകയാണ് നമ്മുടെ സമൂഹത്തിലെ പല സ്ത്രീകളും. മാത്രമല്ല വിവാഹത്തിനുശേഷം ഭർത്താവിന്റെ കുറ്റം കൊണ്ടാണെങ്കിലും, കുട്ടികൾ ഉണ്ടാകാത്തതിന്റെ പേരിലും, ഉണ്ടായ കുട്ടി, പെൺകുട്ടി ആയിപ്പോയതിന്റെ പേരിലും പീഡിപ്പിക്കപ്പെടുന്ന സ്ത്രീകൾ ഒരുപാടുണ്ട്. അഭ്യസ്തവിദ്യരായ പല പെൺകുട്ടികൾ പോലും ഈ സാഹചര്യം അനുഭവിക്കുന്നവരാകുന്നു എന്നത് എത്രയോ നിർഭാഗ്യകരം ആകുന്നു.

പലപ്പോഴും സ്ത്രീകളെ പീഡിപ്പിക്കുന്നവർ പീഡനത്തിന് ഉപയോഗിക്കുന്ന മാർഗങ്ങളും വ്യത്യസ്തമാണ്. ബന്ധുക്കളുടെ മുമ്പിൽ വച്ച് നാണംകെടുത്തി സംസാരിക്കുക, ഇരട്ടപ്പേര് വിളിച്ച് അധിക്ഷേപിക്കുക, അവയവങ്ങൾക്കും ആരോഗ്യത്തിനും വൈകല്യം വരുത്തുന്ന പെരുമാറ്റങ്ങളും പ്രവൃത്തികളും ചെയ്യുക, അഭിമാനത്തിന് ക്ഷതം വരുത്തുന്ന നിലയിൽ പെരുമാറുക, അങ്ങനെ പീഡിപ്പിക്കുവാൻ പല നിലകളിൽ ഉള്ള മാർഗ്ഗങ്ങളാണ് ഉപയോഗിക്കുക. അതിന് നേതൃത്വം നൽകുന്നത് പലപ്പോഴും സ്ത്രീകൾ തന്നെ ആണെന്നുള്ളത് നമ്മെ അത്ഭുതപ്പെടുത്തുന്നതും ആകുന്നു. നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന ദുരഭിമാന കൊലപാതകങ്ങളും, സ്ത്രീധനത്തിന്റെ പേരിൽ നടക്കുന്ന ആത്മഹത്യകളും, ഭർതൃഗൃഹങ്ങളിൽ നിന്നും ജീവിതപങ്കാളിയിൽ നിന്നും ഉണ്ടാകുന്ന ഉപദ്രവങ്ങളും, സ്ത്രീകൾക്കെതിരെ ഉപയോഗിക്കുന്ന വില കുറഞ്ഞ ഭാഷാപ്രയോഗങ്ങളും വാസ്തവത്തിൽ അപകടകരമായ ഈ സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നവയാണ്.

സ്ത്രീയായി ജനിച്ചു പോയതിന്റെ പേരിലും, പ്രതികരിക്കുവാൻ ധൈര്യം ഇല്ലാത്തതിനാലും, സമൂഹം ഒറ്റപ്പെടുത്തും എന്നുള്ള ഭയം കൊണ്ടും പലരും കുടുംബങ്ങളിൽ പലതും സഹിച്ച് ജീവിക്കുന്നു. അതുകൊണ്ടാണ് ഇന്നും, സ്ത്രീകളെ ഭയപ്പെടുത്തുക, വേദനിപ്പിക്കുക, മുറിവേൽപ്പിക്കുക, ഭീഷണിപ്പെടുത്തുക, ഒറ്റപ്പെടുത്തുക, വൈദ്യസഹായം നിഷേധിക്കുക ഇങ്ങനെ പല നിലയിൽ പീഡിപ്പിച്ച് കൊണ്ടിരിക്കുന്നത്. ഇതൊക്കെ നടക്കുന്നത് വളരെ സുരക്ഷിതമെന്ന്

നാം ഓരോരുത്തരും കരുതിയിരുന്ന നമ്മുടെ ഭവനങ്ങളിൽ! അതിനു നേതൃത്വം നല്കുന്നത് ആ കട്ടെ പലരുടെയും മൗനാനുവാദത്തോടു കുടി ചില സ്ത്രീകളും. എന്തൊരു വിരോധാഭാസം.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന പീഡനങ്ങൾ അവസാനിക്കണമെങ്കിൽ, പല പരിമിതികളിൽ പെട്ടുഴലുന്ന സ്ത്രീകളെ ശക്തിപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്. ഇത് ആരോഗ്യമുള്ള ഒരു സമൂഹത്തിന്റെ നിലനിൽപ്പിന് വളരെ അനിവാര്യമായ കാര്യവുമാണ്. സമാധാനത്തോടും സന്തോഷത്തോടും ജീവിച്ചു പോകേണ്ട പല കുടുംബങ്ങളും, സ്ത്രീകൾ കുടുംബത്തിൽ അനുഭവിക്കുന്ന ഉപദ്രവങ്ങളും പീഡനങ്ങളും നിമിത്തം നരകതുല്യമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഇത് നിമിത്തം പല കുടുംബങ്ങളിലും സമാധാനവും സന്തോഷവും ഇല്ലാതെപോകുന്നുണ്ട്. ഇങ്ങനെയുള്ള കുടുംബങ്ങളിൽ വളരുന്ന ഗർഭാവസ്ഥയിലുള്ള കുട്ടികളും, നവജാത ശിശുക്കളും ബാലിക ബാലൻമാരും മാനസികാരോഗ്യം ഇല്ലാത്ത ക്രിമിനൽ മനസ്സുള്ളവർ ആയി തീരുവാൻ സാധ്യതയുണ്ട് എന്ന് ചില പഠനങ്ങൾ സൂചിപ്പിക്കുന്നു. ആത്മഹത്യ, ഒളിച്ചോട്ടം വിവാഹേതര ബന്ധങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുവാനുള്ള ആഗ്രഹം, ഇങ്ങനെ പല ദോഷങ്ങളിലേക്കു സ്ത്രീകളെ തള്ളി വിടുന്നതിനും വീടുകളിൽ സ്ത്രീകൾക്കെതിരെ നിരന്തരമായി ഉണ്ടാകുന്ന പീഡനങ്ങൾ കാരണമായി തീർന്നേക്കാം.

ആയതിനാൽ സ്ത്രീകൾക്കെതിരെയുള്ള എല്ലാ അതിക്രമങ്ങളും ഉപദ്രവങ്ങളും കേവലം കുടുംബ പ്രശ്നമായി മാത്രം കാണാതെ, സമൂഹത്തെ അധ:പതനത്തിലേക്കും അരക്ഷിതാവസ്ഥയിലേക്കും തകർച്ചയിലേക്കും നയിക്കുന്ന ഒരു വലിയ പ്രശ്നമായി കാണുവാൻ എല്ലാവർക്കും സാധിക്കണം. ജീവിതപങ്കാളി എന്ന നിലയിൽ മാത്രമല്ല സ്ത്രീയെ കാണേണ്ടത്, മക്കളുടെ അമ്മ എന്ന നിലയിലും, ഒരു പൗരൻ എന്ന നിലയിലും സ്ത്രീകളെ കാണുകയും അവർ അർഹിക്കുന്ന ബഹുമാനം കൊടുക്കുകയും ചെയ്യണം. ജനിക്കുന്നത് മുഴുവനും ആൺകുട്ടികളാണെങ്കിൽ ആ തലമുറയോടെ, വംശ വർദ്ധനവ് തന്നെ നിന്ന് പോകയില്ലയോ? അതെ സമയം നവജാത ശിശുക്കൾ ഏറെ കുറെ തുല്യം തുല്യമായി ജനിക്കുന്നതിന്റെ പിന്നിൽ ദൈവത്തിന്റെ കരമുണ്ടെന്നുള്ളത് വ്യക്തമല്ലേ? ഭർത്താവിന്റെ, വെറും വീട്ടു ജോലികൾ ചെയ്യുന്ന, മക്കളെ വളർത്തുന്ന ഒരു ഉപകരണമായി മാത്രം സ്ത്രീകളെ കാണരുത്. സമത്വമനോഭാവത്തിൽ അവരോട് ഇടപെടേണ്ടതും ആവശ്യമാണ്.

സ്ത്രീകൾക്കെതിരെയുള്ള എല്ലാവിധത്തിലുള്ള അതിക്രമങ്ങളെയും നാം ഒരുമിച്ച് ചെറുത്തു നിൽക്കേണ്ടതായിട്ടുണ്ട്. കേവലം കുറേ നിയമങ്ങൾ കൊണ്ടുമാത്രം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ പൂർണ്ണമായി തടയുവാൻ ആർക്കും സാധ്യമല്ല. ദൈവത്തിന്റെ സൃഷ്ടി എന്ന നിലയിൽ സമൂഹത്തിൽ സ്ത്രീക്കുള്ള അവകാശങ്ങൾ അംഗീകരിച്ചു, സ്നേഹത്തിലൂടെയും വിട്ടുവീഴ്ചയിലൂടെയും പരസ്പര ബന്ധങ്ങൾ ദൃഢപ്പെടുത്തി മുന്നോട്ട് പോവുകയാണ് പ്രധാനം. ഭയവും സങ്കോചവും കൂടാതെ പീഡന അനുഭവങ്ങൾ തുറന്നു പറയുവാൻ കുടുംബത്തിലും സമൂഹത്തിലും നിയമപാലകരുടെ മുൻപിൽ ആണെങ്കിലും അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാകേണ്ടതും, ഉണ്ടാക്കേണ്ടതും വളരെ അത്യാവശ്യമായ കാര്യം തന്നെയാണ്.

അപ്പോസ്തലനായ പൗലോസ് ഗലാത്യ ലേഖനം 3:26 ൽ ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു... അതിൽ യഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നില്ല നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രെ.

ഇത്തരം പീഡനത്തിന്റെ വാർത്തകൾ ഏറെക്കുറെ എല്ലാ ദിവസത്തെയും വാർത്താമാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നത് നമ്മുടെ ദേശത്തിനും രാജ്യത്തിനും അപമാനമല്ലേ? പുരുഷനുള്ള എല്ലാ അവകാശങ്ങൾക്കും സ്ത്രീക്കും അർഹതയുണ്ട്. ഒരു മേഖലയിലും അവളെ മാറ്റി നിർത്തുകയും അർഹമായ അവകാശങ്ങൾ നിഷേധിക്കുകയും ചെയ്യരുത്.

പല സംസ്കാരങ്ങളിലും സ്ത്രീകളെ തരം താണവരായി വീക്ഷിക്കുകയും ആ വിധത്തിൽ അവരോട് പെരുമാറുകയും ചെയ്യുന്നത് മൃഗീയമാണ്. സ്ത്രീ പുരുഷമാർ തുല്യരാണ് എന്ന് നമ്മുടെ കുഞ്ഞുങ്ങൾക്ക് സ്കൂളിൽ ചെറിയ ക്ലാസ്സുകളിൽ തുടങ്ങി, ഒരു ഉൾക്കാഴ്ചയും അവബോധവും നൽകേണ്ടത് വളരെ അനിവാര്യമാണ്. ഒരു ഉയർന്ന മനോധർമത്തിലേക്കു വരുംതലമുറകളെ വളർത്തിയെടുക്കുക മാത്രമാണ് ഈ വിവേചനം നിർമാർജ്ജനം ചെയ്യുവാനുള്ള നല്ല മാർഗ്ഗം. ■



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# പരിശുദ്ധാത്മാവിന്റെ വാസസ്ഥലമായിരിക്കുക

***അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ടു പുറപ്പെട്ടശേഷം നീരില്ലാത്ത സ്ഥലങ്ങളിൽ കൂടി തണുപ്പ് അന്വേഷിച്ചുകൊണ്ട് സഞ്ചരിക്കുന്നു; കണ്ടെത്തുന്നില്ലതാനും. ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേക്ക് മടങ്ങി ചെല്ലുമെന്ന് അവൻ പറയുന്നു. ഉടനെ വന്ന്, അത് ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിച്ചതുമായി കാണുന്നു. പിന്നെ അവൻ പുറപ്പെട്ടു, തന്നിലും ദുഷ്ടത ഏറിയ വേറെ ഏഴ് ആത്മാക്കളെ കൂട്ടിക്കൊണ്ടു വരുന്നു; അവരും അവിടെ കയറി പാർക്കുന്നു; ആ മനുഷ്യന്റെ പിന്നത്തെ സ്ഥിതി മുമ്പിലത്തേതിലും വല്ലാതെ ആകും; ഈ ദുഷ്ടതലമുറയ്ക്കും അങ്ങനെ ഭവിക്കും (മത്തായി 12: 43 45).***

ഈ ദുഷ്ടതലമുറയ്ക്കും അങ്ങനെ ഭവിക്കും എന്ന് കർത്താവ് പറയുന്നത് തന്റെ ഹൃദയവേദനയിൽ നിന്നാണ്. അത് ഒരു യാഥാർത്ഥ്യവുമാണ്. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വേദഭാഗത്ത് അതിന്റെ വിശദീകരണം ആണ് കൊടുത്തിരിക്കുന്നത്. നമുക്ക് അതിൽ നിന്ന് കർത്താവു നൽകുന്ന മുന്നറിയിപ്പ് ഗ്രഹിക്കുവാനും, വിശ്വാസത്തിൽ സ്ഥിരതയോടെ നിൽക്കുവാനും കർത്താവ് കൃപ നൽകട്ടെ.

യഹൂദ ജനത്തിന്റെ അന്നത്തെ തലമുറയെക്കുറിച്ച് കർത്താവ് പറഞ്ഞത് 'ദോഷവും വ്യഭിചാരവും ഉള്ള തലമുറ' എന്നും 'ദുഷ്ടതലമുറ' എന്നുമായിരുന്നു. കർത്താവ് ഇത് പറഞ്ഞത് ചുങ്കക്കാരെയും പാപികളെയും നോക്കി കൊണ്ടല്ല, പരീശന്മാരെയും ന്യായശാസ്ത്രിമാരെയും മറ്റും നോക്കിക്കൊണ്ടാണ്. സമൂഹത്തിൽ പാപികളായി എണ്ണപ്പെട്ടവരെക്കാൾ ദുഷ്ടത എറിയവരായിരുന്നു സമൂഹത്തിൽ മാന്യതയും ഭക്തരുമായി എണ്ണപ്പെട്ടിരുന്നവർ എന്നുള്ളത് വിചിത്രമായി തോന്നുന്നില്ലേ? ദൈവം മുഖപക്ഷം ഇല്ലാതെ ഹൃദയത്തെ നോക്കി ന്യായം വിധിക്കുന്നവൻ ആണ്.

നിനവേക്കാർ മഹാദുഷ്ടർ ആയിരുന്നതുകൊണ്ടാണ് അവരെ നശിപ്പിച്ചുകളയും എന്ന് ദൈവം കൽപ്പിച്ചത്. എന്നാൽ കരുണാസമ്പന്നനായ ദൈവം അവരെ ശിക്ഷിക്കുന്നതിനു മുൻപ് അവർക്ക് മാനസാന്തരപ്പെട്ട് ദൈവത്തിന്റെ കരുണ യാചിക്കുവാൻ അവസരം കൊടുത്തു. ന്യായവിധിയെ കുറിച്ചുള്ള മുന്നറിയിപ്പ് കൊടുക്കുവാൻദൈവം യോനാ പ്രവാചകനെ അവരുടെ അടുത്ത് അയച്ചു. നിനവേക്കാർ നശിക്കുന്നത് കാണുവാൻ ആഗ്രഹിച്ച അവരോട് യാതൊരു മനസ്സലിവുംതോന്നാത്ത വ്യക്തിയായിരുന്നു യോനാ. ദൈവത്തിൽ നിന്ന് ഒളിച്ചോടാൻ കഴിയാതിരുന്നതുകൊണ്ട് മാത്രമാണ് യോനാ നിനവേയിൽ എത്തിയത്. നിനവേക്കാരോട് യാതൊരു താൽപര്യവും ഇല്ലാത്തവനായി ദൈവം അവരെ നശിപ്പിക്കുമെന്ന് യോനാ ഉറക്കെ പറഞ്ഞു. എന്നാൽ ദൈവത്തിന്റെ ന്യായവിധിയെ കുറിച്ച് കേട്ടവർ കേട്ടവർ അവരുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ച് മാനസാന്തരപ്പെട്ടു. വാർത്ത നിനവേ രാജാവ് കേട്ടപ്പോൾ, രാജാവ് രാജ്യത്ത് എല്ലായിടവും ഒരു കഠിന ഉപവാസം പ്രഖ്യാപിച്ചു. രാജാവ് മുതൽ എല്ലാവരും മാനസാന്തരപ്പെട്ട്ദൈവത്തോട് കരുണയ്ക്കായി നിലവിളിച്ചു.ദൈവം ആഗ്രഹിച്ചതും അതുതന്നെ ആയിരുന്നു.അതിനാൽ ദൈവം അവരോട് കരുണ കാണിച്ചു.

യേശു യോനായെക്കാൾ എത്രയോ വലിയവനാണ്. ദൈവമായിരുന്നവൻ തന്റെ ജനത്തെ അ

വരുടെ പാപങ്ങളിൽ നിന്നും വിടുവിക്കുവാൻ രക്ഷകനായി വന്നിരിക്കുന്നവനാണ്. ആർദ്രതയും മനസ്സലിവും ഉള്ളവനായി അവരോട് ഇടപെടുകയും മാനസാന്തരത്തിന് ആഹ്വാനം ചെയ്തിട്ടും അത് ഗ്രഹിക്കാൻ മനസ്സില്ലാതെ ഹൃദയകാഠിന്യത്താൽ വിശ്വസിക്കുന്നതിന് അടയാളം തിരയുന്ന ദുഷ്ടതലമുറയായിരുന്നു യേശു കണ്ട അന്നത്തെ ജനങ്ങൾ. ആ തലമുറയ്ക്ക് വരുന്ന ഭവിഷ്യത്തുകളെ വിശദമാക്കാൻ ആണ് ദുരാത്മാവ് ഒരു മനുഷ്യനെ വിട്ടു പോയതിനു ശേഷം ഉള്ള സംഭവങ്ങളെക്കുറിച്ച് കർത്താവ് സൂചിപ്പിച്ചത്. അത് പിന്മാറ്റക്കാരന്റെ കഥയാണ്. പിന്മാറ്റക്കാരോട് ആണ് അന്നത്തെ തലമുറയെ കർത്താവ് താരതമ്യം ചെയ്തത്.

ദുരാത്മാക്കാളും അവയുടെ പ്രവർത്തനങ്ങളും ഒരു യാഥാർത്ഥ്യമാണ്. അതിനെക്കുറിച്ച് ആധികാരികതയോടെ പഠിപ്പിക്കുന്ന ഗ്രന്ഥം ബൈബിൾ മാത്രമാണ്. പാപികളായ എല്ലാ മനുഷ്യരും പിശാചിന്റെ അധികാരത്തിൻ കീഴിൽ അഥവാ അടിമത്വത്തിലാണ് ആയിരിക്കുന്നത്. പിശാചിനാൽ നിയോഗിതനായ ഒരു ദുരാത്മാവ് പാപിയായി ഇരിക്കുന്ന ഓരോ വ്യക്തിയെയും നിയന്ത്രിക്കുവാൻ അവനോടൊപ്പമുണ്ട്. ആ വ്യക്തിയുടെ ചുമതല ഈ ദുരാത്മാവിനാണെന്നു ചിന്തിക്കാം. ഈ വ്യക്തിയെ കുറിച്ച് എല്ലാ വിവരങ്ങളും പിശാചു ശേഖരിക്കുന്നതും ഈ ദുരാത്മാവ് മുഖാന്തരം ആയിരിക്കാം. പിശാച് സർവ്വവ്യാപിയും സർവ്വജ്ഞാനിയും ഒന്നുമല്ലല്ലോ. ഈ ദുരാത്മാവിന് പ്രസ്തുത വ്യക്തിയുടെ രൂപം, സ്വരം, രഹസ്യവിവരങ്ങൾ തുടങ്ങി എല്ലാം ഡീറ്റെയിൽ ആയി അറിയാം. മരിച്ചവർ ജീവനോടെ ഇരിക്കുന്ന ആരിലെങ്കിലും കയറുന്നതും സംസാരിക്കുന്നതും പഴയ കാര്യങ്ങൾ വിശ്വസനീയമായ രീതിയിൽ കൃത്യമായി പറയുന്നതുമെല്ലാം ഈ ദുരാത്മാവ് ആണ്. വെളിച്ചപ്പാടത്തി വിളിച്ചപ്പോൾ ശമുവേൽ വന്നു എന്ന് ശൗൽ കണ്ടതും വിശ്വസിച്ചതും എല്ലാം ദുരാത്മാവിന്റെ പ്രവർത്തിയാൽ തന്നെയാണ്. ഈ ദുരാത്മാവ് ഒരു വ്യക്തിയെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്നത് ലോകസ്നേഹത്തിന്റെയും തിന്മയുടെയും ദ്രവ്യാഗ്രഹത്തിന്റെയും ദൂഷണത്തിന്റെയും എന്ന് തുടങ്ങിയുള്ള വിത്തുകൾ ചിന്താമണ്ഡലത്തിൽ പാകിയാണ്. എങ്കിലും അയാൾ ദുരാത്മാവിനാൽ പൂർണമായും ബാധിതനല്ല, അതുകൊണ്ടു ഭൂതഗ്രസ്തനുമല്ല.

ഒരു വ്യക്തി ദൈവത്തിങ്കലേക്ക് തിരിയുമ്പോൾ

**യേശു യോനായെക്കാൾ എത്രയോ വലിയവനാണ്. ദൈവമായിരുന്നവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും വിടുവിക്കുവാൻ രക്ഷകനായി വന്നിരിക്കുന്നവനാണ്. ആർദ്രതയും മനസ്സലിവും ഉള്ളവനായി അവരോട് ഇടപെടുകയും മാനസാന്തരത്തിന് ആഹ്വാനം ചെയ്തിട്ടും അത് ഗ്രഹിക്കാൻ മനസ്സില്ലാതെ ഹൃദയകാഠിന്യത്താൽ വിശ്വസിക്കുന്നതിന് അടയാളം തിരയുന്ന ദുഷ്ടതലമുറയായിരുന്നു യേശു കണ്ട അന്നത്തെ ജനങ്ങൾ.**

ആണ് അശുദ്ധാത്മാവ് അഥവാ ദുരാത്മാവ് ആ വ്യക്തിയെ വിട്ടു പോകുന്നത്. വിട്ടുപോയി എങ്കിലും ആ വ്യക്തിയെ നിരീക്ഷിക്കുന്നതിൽ നിന്നും വീണ്ടും ആ വ്യക്തിയിൽ കടക്കുവാനുള്ള പഴുതുകൾ അന്വേഷിക്കുന്നതിൽ നിന്നും ഈ അശുദ്ധാത്മാവ് പിന്മാറുന്നില്ല. ആ വ്യക്തിയുടെ മരണം വരെ ആ വ്യക്തിക്ക് എതിരെ തന്ത്രങ്ങൾ മെനയുന്നതിന്റെ ചുമതലക്കാരനായി ഈ ദുരാത്മാവ് പ്രവർത്തനം തുടരുന്നു എന്നു വേണം കരുതുവാൻ.

ഈ അശുദ്ധത്മാവ് നീരില്ലാത്ത സ്ഥലങ്ങളിൽ കൂടി തണുപ്പ് അന്വേഷിച്ചുകൊണ്ട് സഞ്ചരിക്കുന്നു; കണ്ടെത്തുന്നില്ലതാനും എന്ന് കർത്താവ് വ്യക്തമാക്കുന്നു. അപ്പോൾ അശുദ്ധത്മാവ് പറയുകയാണ് ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേക്ക് മടങ്ങി ചെല്ലും. നോക്കൂ, ആ അശുദ്ധാത്മാവിന്റെ അവകാശവാദം. *എന്റെ വീട്ടിലേക്ക്* മടങ്ങിചെല്ലും എന്ന് എത്ര തന്റേടത്തോടെ ആണ് പറയുന്നത്. ആരാണ് ഈ വീട് അവന് കൽപ്പിച്ചു കൊടുത്തത്? അവിടെ നിന്ന് പുറപ്പെട്ടു പോയാൽ അവന്റെ യജമാനനായ പിശാചു, മറ്റൊരു വീട് കൽപ്പിച്ചു കൊടുക്കുന്നില്ല. പഴയ വ്യക്തിയെ നിരീക്ഷിക്കുവാൻ ആണ് ആ ദുരാത്മാവിനെ ചുമതലപ്പെടുത്തുന്നത്, എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

മടങ്ങിവരുന്ന അശുദ്ധാത്മാവ് താൻ വിട്ടുപോയ വീട് ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിച്ചതുമായി കാണുന്നു. ഈ പ്രയോഗത്താൽ എന്താണ് അർത്ഥമാക്കുന്നത്? ദൈവത്തിങ്കലേക്ക്

തിരിയുന്ന വ്യക്തി, തന്നെ വഴി നടത്തുവാൻ പരിശുദ്ധാത്മാവിനു സമർപ്പിക്കണം. ഓരോ വ്യക്തിയിലും വസിക്കുവാൻ യോഗ്യനായ അധികാരി ദൈവമാണ്. സകലരുടെയും സ്രഷ്ടാവ് ദൈവം ആണല്ലോ. എന്നാൽ ദൈവം ബലംപ്രയോഗിച്ച് ആരിലേക്കും വാസം ചെയ്യുവാൻ വരികയില്ല. പ്രത്യുത തന്റെ കർതൃത്വത്തിനു വിധേയപ്പെടുവാൻ സമർപ്പിക്കുന്നവരിൽ മാത്രമാണ് പരിശുദ്ധാത്മാവ് വസിക്കുന്നത്. അതുകൊണ്ടാണ് യേശുവിനെ കർത്താവായി വായ്കൊണ്ട് ഏറ്റുപറഞ്ഞ് സ്വീകരിക്കുന്നത് രക്ഷയ്ക്ക് ആധാരമായിരിക്കുന്നത്. അവരിൽ പരിശുദ്ധാത്മാവ് വസിക്കുന്നു. ക്രിസ്തുവിന്റെ ആത്മാവ് ഇല്ലാത്തവൻ അവനുള്ളവനല്ല (റോമർ8:9). ക്രിസ്തുവിനുള്ളവർ അല്ല എങ്കിൽ പിശാചിന് ഉള്ളവർ എന്നുവരുന്നു. ആ വീടാണ് ഒഴിഞ്ഞും അടിച്ചുവാരി അലങ്കരിച്ചും ഇട്ടിരിക്കുന്നത്.

അടിച്ചുവാരി അലങ്കരിക്കുക എന്ന് പറയുന്നതിനെ നാം വിശുദ്ധിയോടാണ് സാധാരണ ഉപമിക്കാറുള്ളത്. എന്നാൽ ഇവിടെ നേരെ മറിച്ചാണ്. അശുദ്ധാത്മാവിനു വസിക്കുവാൻ യോഗ്യമാക്കി തീർത്തിരിക്കുന്നതിനെ ഇത് കാണിക്കുന്നു. തുടർന്ന് കർത്താവ് പറയുന്നത് ശ്രദ്ധിക്കുക. പിന്നെ അവൻ പുറപ്പെട്ടു തന്നിലും ദുഷ്ടത ഏറിയ വേറെ ഏഴു ആത്മാക്കളെ കൂടി കൊണ്ടു വരുന്നു. പുറപ്പെട്ടുപോയ അശുദ്ധാത്മാവ് മാത്രമല്ല തിരികെയെത്തുന്നത്, ദുഷ്ടനായ അവനേക്കാൾ, ദുഷ്ടത ഏറിയ വേറെ ഏഴു ആത്മാക്കളെ ഇവൻ കൂട്ടികൊണ്ടാണ് വരുന്നത്. ഒരു ദുരാത്മാവിന്റെ ശക്തി എന്തിലാണ് അധിഷ്ഠിതമായി ഇരിക്കുന്നത് എന്ന് ഇവിടെ നിന്നും നമുക്ക് മനസ്സിലാകുന്നില്ലേ? ദുഷ്ടതയാണ് അതിന്റെ ശക്തി. ദൈവം പരിശുദ്ധൻ ആയതുകൊണ്ട് നാം ശക്തരാകുന്നത്. വിശുദ്ധിയിൽ വളരുന്നതിനാലാണ് വിശുദ്ധനെ പിശാച് ഭയപ്പെടുന്നത്. പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ടു, പരിശുദ്ധാത്മാവിനാൽ

**യേശുവിനെ കർത്താവായി സ്വീകരിച്ച നമുക്ക് ഓരോരുത്തർക്കും ആ കർതൃത്വത്തിനു വിധേയപ്പെടുവാൻ കഴിയട്ടെ. പരിശുദ്ധത്മാവ് നമ്മിൽ വസിച്ചു നമ്മെ വഴി നടത്തട്ടെ. വിശുദ്ധിയിൽ നിന്നും വിശുദ്ധിയിലേക്ക് വളർന്നുകൊണ്ടിരിക്കുവാൻ നമുക്ക് ഇടയാകട്ടെ. അപ്പോൾ പിശാചിനു നമ്മിൽ കാര്യം ഉണ്ടായിരിക്കുകയില്ല.**

വഴി നടത്തപ്പെടുന്നവർക്ക് മാത്രമേ വിശുദ്ധിയിൽ വളരുവാൻ കഴിയുകയുള്ളൂ.

ഒരു പിന്മാറ്റക്കാരന്റെ മേൽ പിശാച് പിടി കൂടുതൽ ശക്തമായി മുറുക്കുകയാണ്. മടങ്ങിവരുന്ന അശുദ്ധാത്മാവിനോടൊപ്പം എത്തുന്ന വേറെ ഏഴു ദുഷ്ടതയേറിയ ആത്മാക്കൾ കൂടി ആകുമ്പോൾ എട്ടു അശുദ്ധത്മാക്കളുടെ നിയന്ത്രണത്തിൽ ആ വ്യക്തി പൂട്ടപ്പെടുകയാണ്. ഉള്ളിൽ സമാധാനമില്ലാത്ത നരകതുല്യമായ ഒരു ജീവിതമാണ് ആ വ്യക്തിക്ക് ലഭിക്കുന്നത്. അവിശ്വാസത്തിൽ ഹൃദയകാഠിന്യം സംഭവിച്ച ആ തലമുറയുടെ ഗതി ഇപ്രകാരം ആകും എന്നാണ് കർത്താവു പറഞ്ഞത്.

യേശുവിനെ കർത്താവായി സ്വീകരിച്ച നമുക്ക് ഓരോരുത്തർക്കും ആ കർതൃത്വത്തിനു വിധേയപ്പെടുവാൻ കഴിയട്ടെ. പരിശുദ്ധത്മാവ് നമ്മിൽ വസിച്ചു നമ്മെ വഴി നടത്തട്ടെ. വിശുദ്ധിയിൽ നിന്നും വിശുദ്ധിയിലേക്ക് വളർന്നുകൊണ്ടിരിക്കുവാൻ നമുക്ക് ഇടയാകട്ടെ. അപ്പോൾ പിശാചിനു നമ്മിൽ കാര്യം ഉണ്ടായിരിക്കുകയില്ല. ●

## 15 ക്രിസ്തു എന്ന പകരക്കാരൻ

ഒരിക്കലും പ്രാണത്യാഗത്തോളം പാപത്തോടുപോരാടിയിട്ടില്ല. യേശുക്രിസ്തുവിനു ആന്തരികമായി പാപ പ്രവണതകൾ ഇല്ലായിരുന്നു, കാരണം അവൻ ഭൂമിയിൽ നിന്നുള്ളവൻ അല്ല, പ്രത്യുത ഉയരത്തിൽ നിന്ന് ഇറങ്ങി വന്ന തേജസ്സിന്റെ കർത്താവായിരുന്നു. എന്നാൽ അവൻ അനുഭവിച്ച പരീക്ഷണങ്ങൾ വളരെ കഠിനവും മരണകരവും ആയിരുന്നു. ക്രിസ്തു നമുക്ക് പകരമായി അനുസരണത്തെ പൂർത്തിയാക്കി നീതിയെ നിവർത്തിച്ചത് നമ്മുടെ രക്ഷയ്ക്ക് കാരണമായി തീർന്നു. അങ്ങനെ ന്യായപ്രമാണത്തിനു ജഡത്തിന്റെ ബലഹീനത മൂലം കഴിയാഞ്ഞത് ദൈവം തന്റെ പുത്രന്റെ അനുസരണത്താൽ സാധിപ്പിച്ചു. ●

# ജയം യേശുക്രിസ്തുവിൽ മാത്രം

ഷാജി തോമസ്

- വിജയത്തിന്റെ ആവേശം, ജയിക്കുന്നതോടെ അവസാനിക്കും! ഒന്നാലോചിച്ചാൽ അത് ഒരു തോൽവിയല്ലേ? ഒന്നും ജയിക്കാനില്ലാത്തവന്റെ തോൽവി...കീഴടക്കാൻ ഒരു പർവ്വതവും ഇല്ലാത്തവന്റെ ദു:ഖം!

- എന്നാൽ, തോൽക്കുന്ന ഓരോ വ്യക്തിക്കും, വീണ്ടും ജയിക്കുന്നതിനായുള്ള അല്ലെങ്കിൽ ജയിക്കുന്നത് വരെയുള്ള ഊർജ്ജവും ആവേശവും ലഭിക്കുന്നുമുണ്ട്! അങ്ങനെയെങ്കിൽ അത് ഒരു ജയമല്ലേ? അപ്പോൾ തോൽവിയല്ലേ ജയം?

- നോക്കു...ഒന്നാമനെ സൃഷ്ടിക്കുന്നത് രണ്ടാമനാണെങ്കിൽ, ജയിക്കുന്നവനെ ജനിപ്പിക്കുന്നത് തോൽക്കുന്നവനാണെങ്കിൽ, ഭൂമിയിൽ ഈ രണ്ടു പേരും നിർണായകമല്ലേ.. അപ്പോൾ ജയവും തോൽവിയും ആപേക്ഷികം മാത്രമല്ലെ?

- ജയത്തിന്റെ അമിതാവേശവും തോൽവിയുടെ അതിവേദനയും...ഇവ രണ്ടിനെയും നമെങ്ങനെ കാണുന്നു അല്ലെങ്കിൽ ഉൾക്കൊള്ളുന്നു എന്നതാണ് പ്രധാനം...

- ദൃശ്യലോകത്ത് യേശുക്രിസ്തു, ഒരു പരാജിതനെപോലെ ക്രൂശിൽ മരിച്ചപ്പോൾ, അദൃശ്യലോകത്ത് അവൻ പാപത്തിന്റെയും മരണത്തിന്റെയും മേൽ ജയം പ്രാപിക്കുകയായിരുന്നു...

- ഒരു വിത്ത് മരിക്കുമ്പോഴാണ് അനേകം വിത്തുകൾ ജനിക്കുന്നത്... മാതാപിതാക്കൾ കുറഞ്ഞു കുറഞ്ഞ്, മക്കൾ വളർന്നു വളർന്ന് പോകുന്നു... ഭൂമിയിൽ എവിടെയും ജയപരാജയ കാഴ്ചകൾ കാണാം..

- എന്നാൽ ഭൂമിയിൽ ആരും ആത്യന്തികമായി ജയിക്കുന്നുമില്ല, തോൽക്കുന്നുമില്ല... കാരണം ഏതൊരു മാനുഷികജയത്തെയും പിന്നീട് വരുന്ന ഒരാൾ ജയിക്കും.

- അതുകൊണ്ട്, നിത്യമായ അല്ലെങ്കിൽ നിലനിൽക്കുന്ന ജയം എന്നത്, ജയപരാജയങ്ങൾ നിറഞ്ഞ ഈ നശ്വര ലോകത്തു നിന്നും അനശ്വരമായ നിത്യജീവനിലേക്ക് പ്രവേശിക്കുന്നതാണ്..

- (1 കൊരിന്ത്യർ 15:54) ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കുമ്പോൾ മരണം നീങ്ങി ജയം വന്നിരിക്കുന്നു എന്നു എഴുതിയ വചനം നിവൃത്തിയാകും.

- 1 കൊരിന്ത്യർ 15:57 ൽ നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിന്നു സ്തോത്രം!

46 വർഷം! എന്നിട്ടും പണി തീർന്നിട്ടില്ല. അതാണോ യേശു മൂന്നു ദിവസംകൊണ്ടു പുതുക്കിപ്പണിയും എന്നു പറയുന്നത്?

യേശുവിന്റെ ഒന്നാമത്തെ അടയാളം-വെള്ളം വീഞ്ഞാക്കിയ സംഭവം-ഗുണം നഷ്ടപ്പെട്ട, കാലു കഴുകുന്ന വെള്ളംപോലെമാത്രമായിത്തീർന്ന യെഹൂദമതത്തെ മാറ്റി, നുരഞ്ഞുപൊങ്ങുന്ന ആനന്ദ ദ്രാക്ഷാരസമായ തന്റെ പുതിയ കൂട്ടത്തെ സൃഷ്ടിക്കുന്നതിന്റെ അടയാളമായിരുന്നു. അതായിരുന്നു ആദ്യത്തെ അടയാളമെങ്കിൽ *ഇപ്പോൾ യേശു ദൈവാലയശുദ്ധീകരണത്തിലൂടെ മറ്റൊന്നു പറഞ്ഞു: ആത്മാവും സത്യവും നഷ്ടപ്പെട്ട യെഹൂദന്മാരുടെ ദൈവാലയത്തെ തകർത്ത്, ഉയിർപ്പിന്റെ ജീവൻ തുടിക്കുന്ന പുതിയൊരു മന്ദിരം പണിയാനാണു താൻ വന്നത്. അതിനു തന്റെ ശരീരമാകുന്ന മന്ദിരം തകർക്കപ്പെടണം. അതായിരിക്കും **അവസാനത്തെ അടയാളം!***

വചനം ജഡമായിത്തീർന്ന ദൈവമന്ദിരം-യേശുവിന്റെ ശരീരം-മുറിവേറ്റുതകർന്നു (യെശയ്യാവ് 53:5,16), അഭിഷിക്തൻ ഛേദിക്കപ്പെട്ടു (ദാനീയേൽ 9:26), എന്നാൽ, പൊളിക്കപ്പെട്ട ആ മന്ദിരത്തെ- യേശുവിന്റെ ശരീരത്തെ ദ്രവത്വം കാണ്മാൻ ദൈവം സമ്മതിച്ചില്ല. (സങ്കീർത്തനം 16:10). അവിടുന്ന് ഉയിർത്തെഴുന്നേറ്റു എന്നു മാത്രമല്ല, തന്റെ ഉയിർപ്പിനാൽ അവിടുന്നു തന്റെ സഭയാകുന്ന മന്ദിരത്തെ പണിയുകയും ചെയ്തു... അങ്ങനെ അവസാനത്തെ അടയാളം പൂർത്തിയായി!

"കർത്താവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി; നിങ്ങൾക്കുവേണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം എന്നു പറഞ്ഞു (1 കൊരിന്ത്യർ 11:24) യേശുവിന്റെ മന്ദിരമാകുന്ന ശരീരം തകർക്കപ്പെട്ടതു നമുക്കുവേണ്ടി!

മൂന്നു നാൾകൊണ്ട് അതു പണിയപ്പെട്ടു. യേശുവിന്റെ ശരീരമെന്ന മന്ദിരം സഭയാണ്! "ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവുള്ളത്...'സഭയായ അവന്റെ ശരീത്തിനുവേണ്ടി പൂരിപ്പിക്കുന്നു (കൊലൊസ്യർ1:24). ശരീരത്തെ (സഭയെ)വിവേചിക്കാത്തവൻ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു (1 കൊരിന്ത്യർ 11:24). യേശുവിന്റെ തകർക്കപ്പെട്ട ശരീരത്തിൽ നിന്ന് ഉയിർത്തതാണ് അവന്റെ പുതിയ ശരീരമാകുന്ന

## പുതുവാനഭൂമിയിൽ യേശുവിനെ കാണാനും ആരാധിക്കാനും ഒരു മന്ദിരത്തിലേക്കു പോകേണ്ടതില്ല...എല്ലായിടത്തും മന്ദിരം! എല്ലായിടത്തും കുഞ്ഞാട്!

സഭ! ഇനി അതിനെ കച്ചവടസ്ഥാപനമാക്കരുത്! അതു യേശുവിനു സഹിക്കാനാവില്ല!

വചനം ജഡമായിത്തീർന്ന് യേശുവിൽ ദൈവത്തിന്റ മന്ദിരമായി. ആ ശരീരം-മന്ദിരം-തകർക്കപ്പെട്ട് സഭയാം മന്ദിരം പണിയപ്പെട്ടു... ഇനി വരുന്നത് പുതുവാനഭൂമി...പുതിയ യെരൂശലേമിന്റെ വിവരണം വെളിപ്പാടുപുസ്തകത്തിൽ വായിക്കുക!

"മന്ദിരം അതിൽ കണ്ടില്ല. സർവശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു" (വെളിപ്പാട് 21:22).

അത്ഭുതം...പുതിയ യെരൂശലേമിൽ നാം മന്ദിരം കാണുന്നില്ല. കാരണം, കുഞ്ഞാട് അതിന്റെ മന്ദിരമായിരിക്കും! ഹോ! അവസാനത്തെ അടയാളത്തിന്റെ ക്ലൈമാക്സ് എത്ര ആനന്ദകരം! പുതുവാനഭൂമിയിൽ യേശുവിനെ കാണാനും ആരാധിക്കാനും ഒരു മന്ദിരത്തിലേക്കു പോകേണ്ടതില്ല...എല്ലായിടത്തും മന്ദിരം! എല്ലായിടത്തും കുഞ്ഞാട്!

കർത്താവിന്റെ, തകർക്കപ്പെട്ട ശരീരത്തിൽനിന്ന് ഉയിർപ്പിന്റെ ശക്തിയോടെ പണിയപ്പെട്ട ശരീരമാകുന്നു സഭ.! പുത്തനാം യെരൂശലേമിൽ യേശു മന്ദിരമായി നിറഞ്ഞുനില്ക്കുന്ന ആ കാഴ്ച നമ്മെ ആനന്ദ പുളകിതരാക്കുന്നു. •


### വചന പഠിതാക്കളുടെ ശ്രദ്ധയ്ക്ക്

ബ്രദർ ജോയ് എം തോമസിന്റെ സന്ദേശങ്ങൾ ലഭിക്കുവാൻ

NERVEEDHI YouTube ചാനൽ സന്ദർശിക്കുക.

യാക്കോബിന്റെ ലേഖനം ആസ്പദമാക്കി, ബ്രദർ ജോയ് എം. തോമസ് നയിക്കുന്ന ദൈവവചന പഠനപരമ്പര ലഭിക്കുവാൻ

NCCA MEDIA YouTube ചാനൽ സന്ദർശിക്കുക.

# ദൈവഭക്തിയും നാവിന്റെ നിയന്ത്രണവും

'പുതിയനിയമത്തിലെ സദൃശ്യവാക്യങ്ങൾ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന യാക്കോബിന്റെ ലേഖനം പ്രായോഗിക ക്രിസ്തീയ ജീവിതത്തിന്റെ മാർഗ്ഗരേഖയാണ്. നാവിന്റെ നിയന്ത്രണത്തെ കുറിച്ചുള്ള ധാരാളം വാക്യങ്ങൾ ഈ ലേഖനത്തിൽ കാണാം. താൻ ഭക്തനാണെന്നു കരുതുകയും നാവിനു കടിഞ്ഞാൺ ഇല്ലാതെയിരിക്കയും ചെയ്യുന്നവൻ സ്വന്ത ഹൃദയത്തെ വഞ്ചിക്കുന്നവനും, അയാളുടെ ഭക്തി നിരർത്ഥകമാണ് എന്നും യാക്കോബ് വെളിപ്പെടുത്തുന്നു.

എടുത്തുചാടിയുള്ള പ്രതികരണങ്ങളും അതുണ്ടാക്കുന്ന പ്രശ്നങ്ങളും ഇന്ന് സമൂഹത്തിലും രാഷ്ട്രീയ മേഖലയിലും ആത്മീകരുടെ ഇടയിൽ പോലും ഒക്കെ വലിയ വിവാദങ്ങൾക്ക് കാരണമാകാറുണ്ട്. അതുകൊണ്ടാണ് വായിൽ കടിഞ്ഞാണിട്ടു കുതിരയെ നിയന്ത്രിക്കുന്നതിനേക്കാളും, ചെറിയ ചുക്കാൻ കൊണ്ട് വലിയ കപ്പലുകളെ സ്വാധീനം ആക്കുന്നതിനെക്കാളും, പ്രയാസമാണ് അധരനിയന്ത്രണം എന്ന് വചനം ഓർമിപ്പിക്കുന്നത്. യേശുകർത്താവ് ഇതേക്കുറിച്ച് പറയുന്നത് സ്വർഗ്ഗത്തോളം ഉന്നതമാണ്. അവിടുന്ന് പറയുന്നു: 'തങ്ങൾ പറയുന്ന ശ്രദ്ധയില്ലാത്ത ഓരോ വാക്കിനും ന്യായവിധി ദിവസത്തിൽ മനുഷ്യർ കണക്കു പറയേണ്ടിവരും.' അധരങ്ങളിൽ വഞ്ചന ലേശംപോലും ഇല്ലാതിരുന്ന യേശുവിനെയാണ് വാക്കിലും പ്രവർത്തിയിലും നാം മാതൃകയാക്കേണ്ടത്.

അതേ, ജീവനും മരണവും മനുഷ്യന്റെ അധരങ്ങളിൽ നിന്നാണ് ഉടലെടുക്കുന്നത്. ഗിരിപ്രഭാഷണത്തിൽ യേശുക്രിസ്തു പറയുന്നത് ഇങ്ങനെ ആണല്ലോ: 'സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും, സഹോദരനോട് നിസ്സാര എന്ന് പറഞ്ഞാലോ, ന്യായാധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടി വരും. മൂഢാ എന്നു പറഞ്ഞാലോ അഗ്നിനരകത്തിന് യോഗ്യനാകും'. ഉവ്വ്, നാവിൽ നിന്ന് ഉത്ഭവിക്കുന്ന ദോഷങ്ങൾക്ക് നാം അത്രത്തോളം വില കൊടുക്കേണ്ടിവരും.

നാവിന്റെ ശരിയായ ഉപയോഗം ആത്മീയ വളർച്ചയുടെ ലക്ഷണമാണ്. തകർന്ന ജീവിതങ്ങളെ ഭക്തരുടെ വാക്കുകൾ കൊണ്ട് ആശ്വസിപ്പിക്കാൻ കഴിയും. അതേസമയം ക്ഷീണിച്ച മനസ്സുകളെ ഉണർത്തുവാനും നമ്മുടെ പ്രചോദിപ്പിക്കുന്ന വാക്കുകൾ ഒരു മുഖാന്തിരം ആകും. അതാണ് നീതിമാന്റെ അധരങ്ങൾ പലരെയും പോഷിപ്പിക്കുന്നു എന്ന് ശലോമോൻ പറയുന്നത്.

കഴിക്കുന്ന ഭക്ഷണത്തിന്റെയും ധരിക്കുന്ന വസ്ത്രത്തിന്റെയും പാർക്കുന്ന വീടിന്റെയും ഗുണമേന്മ ഉറപ്പുവരുത്തുന്ന നമുക്ക്, ഉള്ളിൽ നിന്ന് വരുന്ന വാക്കുകളുടെ ഗുണവും ദോഷവും പരിശോധിക്കാൻ ആവണം. കൃപയോടു കൂടിയതും ഉപ്പിനാൽ രുചി വരുത്തുന്നതുമായ വാക്കുകൾ യഥാർത്ഥ ദൈവഭക്തിയുടെ ലക്ഷണം തന്നെ.

എംസി

*Bank Account Details:*

**Righteous Path Publication Trust**
**A/c No. 0315053000011215**
**IFS Code: SIBL 0000315**

SOUTH INDIAN Bank
KANJIKUZHY - KOTTAYAM




നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

*നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....*

*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.09.2021

NERVEEDHI - SEPTEMBER 2021
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment


# ആർ.പി
പബ്ലിക്കേഷൻസിൽനിന്നും





വേദപുസ്തക ചരിത്രത്തിന്റെ പ്രാരംഭത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന നാലു മഹതികളുടെ ജീവിതം ആധുനിക വനിതകൾക്കുള്ള പാഠങ്ങളാക്കി അവതരിപ്പിച്ചിരിക്കുകയാണ്

## ചതുർ മഹതികൾ

എന്ന ഈ ഗ്രന്ഥത്തിൽ.

ദൈവദാസന്മാരുടെ ഭാര്യമാർക്കുള്ള സന്ദേശങ്ങൾ, ഒരു ഉത്തമ കുടുംബിനിയുടെ ഉത്തരവാദിത്തങ്ങൾ, ഗർഭാവസ്ഥയിലായിരിക്കുന്ന കുഞ്ഞിനെ മുതൽ പ്രായപൂർത്തിയായ മക്കളെ വരെ സൂക്ഷ്മതയോടെ പരിപാലിക്കാനുള്ള നിർദ്ദേശങ്ങൾ, അദൃശ്യ മണവാളനായൊരുങ്ങുന്ന ഉത്തമ മണവാട്ടിയുടെ ശ്രദ്ധാപൂർവ്വമായ ഒരുക്കത്തിനു സഹായിക്കുന്ന നിർദ്ദേശങ്ങൾ എല്ലാം ഇതിൽ വായിച്ചെടുക്കാം. ആത്മിക ശുശ്രൂഷാജീവിതത്തിൽ അനുഭവ സമ്പത്തുള്ള അനുഗ്രഹീത ദൈവദാസി എൽസി ജോയ് രചിച്ച ഈ ഗ്രന്ഥം വെറും പഠനക്കുറിപ്പുകളോ പ്രബോധനങ്ങളോ എന്ന നിലയിൽ പരിമിതപ്പെടുന്നില്ല. ക്രിസ്തീയ ജീവിതത്തിൽ ഫലംകായ്ക്കുന്നവരായി വളരുവാൻ ആഗ്രഹിക്കുന്ന ഏവർക്കും ഈ ഗ്രന്ഥം അനുഗ്രഹമാകും.




RPP യുടെ ആദ്യ ഇംഗ്ലീഷ് പുസ്തകം




മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? മരിച്ചവർ എങ്ങോട്ടു പോകുന്നു? ആശങ്ക വർധിപ്പിക്കുന്ന അനുമാനങ്ങളും ധാരണകളുമാണ് ലോകത്തിലെ ചിന്തകന്മാർ നൽകുന്ന മറുപടി എന്നാൽ തിരുവചനം ഈ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നല്കുന്നു. വചനത്തിലുടനീളം ഈ അറിവുകൾ വിലപ്പെട്ട മുത്തുകളായി ചിതറിക്കിടക്കുന്നു. അവയെ തിരഞ്ഞു കണ്ടെടുത്ത് ചിട്ടപ്പെടുത്തിയ പഠനങ്ങളാക്കി നല്കിയിരിക്കുന്ന ആത്മിക പഠന ഗ്രന്ഥമാണ്

## പ്രത്യാശ മരണത്തിനപ്പുറം.

ഈ പുസ്തകം ശ്രദ്ധയോടെ വായിച്ചാൽ അറിവു മാത്രമല്ല നിത്യതയ്ക്കായി ഒരുങ്ങാനുള്ള പ്രേരണയും ലഭിക്കും എന്നതു സുനിശ്ചിതമാണ്. പ്രിയപ്പെട്ടവരുടെ മരണം വരുത്തിയ മുറിവുകൾ ഉണങ്ങാനുള്ള ഔഷധമായും ഇതിലെ പ്രത്യാശാവചനങ്ങൾ ഫലകരമായിത്തീരും. അനുഗ്രഹീത ദൈവദാസൻ ജോയ് എം തോമസ് എഴുതിയ ഈ ഗ്രന്ഥം ഈ വിഷയത്തിലുള്ള സംശയങ്ങൾക്ക് തൃപ്തികരമായ മറുപടിയാണ്.

ഇപ്പോൾ ലഭ്യമാണ്


Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.